# 3

# ഇടപാടുകളുടെ രേഖപ്പെടുത്തൽ - I
# (Recording of Transactions - I)

P3W6Y6

**പഠന നേട്ടങ്ങൾ**

- ഉറവിട രേഖകളിലൂടെ ഇടപാടുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.
- ഇടപാടുകൾ നടന്നതിന്റെ ഉറവിട രേഖകൾ തയാറാക്കുന്നു.
- അക്കൗണ്ടിംഗ് സമവാക്യം ഉപയോഗിച്ച് ഇടപാടുകൾ വിശകലനം ചെയ്യുന്നതിനുള്ള പട്ടിക തയാറാക്കുന്നു.
- അക്കൗണ്ടിംഗിലുള്ള ഡെബിറ്റ്, ക്രെഡിറ്റ് നിയമങ്ങൾ ഉപയോഗിച്ച് ഇടപാടുകൾ രേഖപ്പെടുത്തുന്നു.
- ബിസിനസ്സ് ഇടപാടുകൾ ജേർണലിൽ രേഖപ്പെടുത്തുന്നു.
- ലെഡ്ജർ അക്കൗണ്ടുകൾ തയാറാക്കി, ബാലൻസ് കണ്ടെത്താൻ കഴിയുന്നു.

## ആമുഖം

അക്കൗണ്ടിംഗിന്റെ വികാസപരിണാമങ്ങളും, പ്രാധാന്യവും, ഇടപാടുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന ആശയങ്ങളും കഴിഞ്ഞ പാഠങ്ങളിലൂടെ ചർച്ച ചെയ്തതിൽ നിന്നും, ഇത് സാമ്പത്തിക വിവരങ്ങൾ പ്രദാനം ചെയ്യുന്ന ഒരു സുപ്രധാന സ്രോതസാണെന്നു മനസ്സിലായല്ലോ? അതായത്, ബിസിനസ്സ് ഇടപാടുകൾ കണ്ടെത്തി, അവ രേഖപ്പെടുത്തി, വിശകലനം ചെയ്ത്, ബിസിനസ്സിലെ തൽപ്പരകക്ഷികൾക്ക് തീരുമാനങ്ങളെടുക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്ന സംവിധാനമാണ് അക്കൗണ്ടിംഗ്. ഈ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളെക്കുറിച്ചാണ് ഇവിടെ വിശദമായി ചർച്ച ചെയ്യുന്നത്. ഉറവിട രേഖകൾ തയാറാക്കുകയും, രേഖപ്പെടുത്തേണ്ട ഇടപാടുകൾ തിരിച്ചറിയുകയുമാണ് ഇതിന്റെ പ്രാഥമിക ഘട്ടം. തുടർന്ന് ഇവ ജേർണൽ എന്ന ബുക്കിൽ രേഖപ്പെടുത്തുകയും, പിന്നീട് ലെഡ്ജർ ബുക്കുകളിലേക്ക് തരംതിരിച്ച് പകർത്തി എഴുതുകയും ചെയ്യുന്നു.

## 3.1 ബിസിനസ്സ് ഇടപാടുകളും, ഉറവിട രേഖകളും (Business Transactions and Source Documents)

പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ നിങ്ങൾക്ക്, അച്ഛൻ സമ്മാനമായി ഒരു കമ്പ്യൂട്ടർ വാഗ്ദാനം ചെയ്തിരുന്നുവെന്ന് അനുമാനിക്കുക. ഇതു വാങ്ങുന്നതിനായി അച്ഛനോടൊപ്പം കടയിലെത്തി ഇഷ്ടപ്പെട്ട ഒരു കമ്പ്യൂട്ടർ തിരഞ്ഞെടുത്തു. കമ്പ്യൂട്ടറിന്റെ വിലയായ ₹35,000 അച്ഛൻ

നൽകിയപ്പോൾ ഒരു പണരസീത് (Cash Receipt) കടക്കാരൻ നൽകി. ഇവിടെ രൊക്കം പണം നൽകി കമ്പ്യൂട്ടർ വാങ്ങിയത് ഒരു ഇടപാട് ആണ്. ഈ ഇടപാടിൽ പണം നൽകിയതും, കമ്പ്യൂട്ടർ ലഭിച്ചതും വിപരീത ദിശയിലുള്ള രണ്ട് വ്യത്യസ്ത കൈമാറ്റങ്ങളാണല്ലോ? അതായത് പണം കടക്കാരനു നൽകുകയും, നിങ്ങൾക്ക് കമ്പ്യൂട്ടർ ലഭിക്കുകയും ചെയ്തു. ഇത്തരത്തിൽ, എല്ലാ ബിസിനസ്സ് ഇടപാടുകളിലും നൽകുന്നതും, സ്വീകരിക്കുന്നതുമായ രണ്ടു ഘടകങ്ങളുണ്ടായിരിക്കും. അതിനാൽ, എല്ലാ ഇടപാടുകളും കുറഞ്ഞ പക്ഷം രണ്ട് അക്കൗണ്ടുകളിലെങ്കിലും രേഖപ്പെടുത്തണം.

ഇതു പോലെ, ബിസിനസ്സിൽ നടക്കുന്ന എല്ലാ ഇടപാടുകൾക്കും അതുമായി ബന്ധപ്പെട്ട രേഖകൾ ഉണ്ടായിരിക്കും. ഒരു ബിസിനസ്സ് ഇടപാട് നടന്നതിന് തെളിവായുള്ള രേഖയാണ് 'ഉറവിടരേഖ' (Source document/voucher) എന്ന് അറിയപ്പെടുന്നത്. പണരസീത്, പറ്റ് രസീത്, വിൽപ്പനബിൽ, ഒടുക്കൽച്ചീട്ട്, ചെക്ക്, ശമ്പളച്ചീട്ട് എന്നിവയെല്ലാം ഉറവിട രേഖകൾക്ക് ഉദാഹരണങ്ങളാണ്.

എന്നാൽ, ചെറിയ ചെലവുകളുടെ വകയിൽ പണം നൽകിയതിന് ഇത്തരം രേഖകൾ ലഭിക്കണമെന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ, സ്വയം തയാറാക്കിയ വൗച്ചറുകളിൽ മേലധികാരിയുടെ ഒപ്പ് വാങ്ങി ഉറവിട രേഖയായി ഉപയോഗിക്കാം. എല്ലാ ഉറവിടരേഖകളും ദിവസക്രമത്തിൽ അടുക്കി, ക്രമനമ്പർ നൽകി പ്രത്യേക ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്. ഇവയെ അടിസ്ഥാനമാക്കി മാത്രമെ കണക്കു ബുക്കുകളിൽ ഇടപാടുകൾ രേഖപ്പെടുത്താൻ പാടുള്ളൂ.

### 3.1.1 അക്കൗണ്ടിംഗ് വൗച്ചറുകൾ തയാറാക്കൽ (Preparation of Accounting Vouchers)

പല തരത്തിലുള്ള അക്കൗണ്ടിംഗ് വൗച്ചറുകൾ തയാറാക്കാറുണ്ട്. ക്യാഷ് വൗച്ചർ, ഡെബിറ്റ് വൗച്ചർ, ക്രെഡിറ്റ് വൗച്ചർ, ജേർണൽ വൗച്ചർ എന്നിവ ഇവയിൽ ചിലതാണ്. എന്നാൽ അക്കൗണ്ടിംഗ് വൗച്ചറുകൾക്ക് പൊതുവായ മാതൃകാരൂപങ്ങൾ നിലവിലില്ല. ഏറ്റവും ലളിതമായ ഒരു ഇടപാട് വൗച്ചറിന്റെ മാതൃക താഴെ നൽകിയിരിക്കുന്നു.

**ഇടപാട് വൗച്ചർ**
**സ്ഥാപനത്തിന്റെ പേര്:**

**വൗച്ചർ നമ്പർ** :
**തീയതി** :
**ഡെബിറ്റ് അക്കൗണ്ട്** :
**ക്രെഡിറ്റ് അക്കൗണ്ട്** :
**തുക** :
**വിവരണം** :

**അംഗീകരിച്ചത്:** **തയാറാക്കിയത്:**

*ചിത്രം **3.1** : ഇടപാട് വൗച്ചറിന്റെ മാതൃക*

ഇത്തരം ഉറവിടരേഖകൾ കണക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടവയും, നികുതി നിർണയത്തിന് പരിഗണിക്കുന്നവയുമാണ്. കമ്പ്യൂട്ടർ അക്കൗണ്ടിംഗ് ഉപയോഗിക്കുന്ന പുതിയ സാഹചര്യങ്ങളിലും ഇത്തരം ഇടപാടുരേഖകൾ പ്രത്യേക കോഡ് നമ്പറുകൾ നൽകി സൂക്ഷിക്കേണ്ടതാണ്. ഒരു ഡെബിറ്റും, ഒരു ക്രെഡിറ്റും മാത്രമുള്ള ലളിതമായ ഇടപാടുകൾ രേഖപ്പെടുത്താനുള്ള വൗച്ചറുകളെ ഇടപാട് വൗച്ചർ ( Transaction voucher) എന്നു പറയുന്നു. ഇതിന്റെ സാമാന്യരൂപമാണ് ചിത്രം 3.1 ൽ നൽകിയിട്ടുള്ളത്. ഒന്നിലധികം ഡെബിറ്റോ ക്രെഡിറ്റോ ഉൾപ്പെടുന്ന ഇടപാടുകൾ രേഖപ്പെടുത്താൻ 'സംയുക്ത വൗച്ചറുകൾ' (Compound vouchers) ഉപയോഗിക്കുന്നു. ഒന്നിലധികം ഡെബിറ്റ് ഇനങ്ങളുണ്ടെങ്കിൽ അത് ഡെബിറ്റ് വൗച്ചർ എന്നും, ഒന്നിലധികം ക്രെഡിറ്റ് ഇനങ്ങളുണ്ടെങ്കിൽ അത് ക്രെഡിറ്റ് വൗച്ചർ എന്നും അറിയപ്പെടുന്നു. ഇവയുടെ സാമാന്യരൂപം ചിത്രം 3.2 ൽ നൽകിയിരിക്കുന്നു.

**ഡെബിറ്റ് വൗച്ചർ**
**സ്ഥാപനത്തിന്റെ പേര്:**

**വൗച്ചർ നമ്പർ :** **തീയതി :**
**ക്രെഡിറ്റ് അക്കൗണ്ട് :**
**തുക (₹) :**

**ഡെബിറ്റ് അക്കൗണ്ടുകൾ**

| നമ്പർ | കോഡ് | അക്കൗണ്ടിന്റെ പേര് | തുക (₹) | വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

**അംഗീകരിച്ചത്:** **തയ്യാറാക്കിയത്:**

**ക്രെഡിറ്റ് വൗച്ചർ**
**സ്ഥാപനത്തിന്റെ പേര്:**

**വൗച്ചർ നമ്പർ :** **തീയതി :**
**ഡെബിറ്റ് അക്കൗണ്ട് :**
**തുക (₹) :**

**ക്രെഡിറ്റ് അക്കൗണ്ടുകൾ**

| നമ്പർ | കോഡ് | അക്കൗണ്ടിന്റെ പേര് | തുക (₹) | വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

**അംഗീകരിച്ചത്:** **തയ്യാറാക്കിയത്:**

**ചിത്രം 3.2 :** *ഡെബിറ്റ്, ക്രെഡിറ്റ് വൗച്ചറുകളുടെ മാതൃക*

ഡെബിറ്റും, ക്രെഡിറ്റും അനവധിയുള്ള സങ്കീർണ ഇടപാടുകൾക്കായി ജേർണൽ വൗച്ചർ (Journal voucher) ഉപയോഗിക്കുന്നു. ഇതിന്റെ സാമാന്യരൂപം ചിത്രം 3.3 ൽ നൽകിയിരിക്കുന്നു.

**ജേർണൽ വൗച്ചർ**

**സ്ഥാപനത്തിന്റെ പേര്:**

**വൗച്ചർ നമ്പർ :** **തീയതി :**

**ഡെബിറ്റ് അക്കൗണ്ടുകൾ**

| നമ്പർ | കോഡ് | അക്കൗണ്ടിന്റെ പേര് | തുക (₹) | വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

**ക്രെഡിറ്റ് അക്കൗണ്ടുകൾ**

| നമ്പർ | കോഡ് | അക്കൗണ്ടിന്റെ പേര് | തുക (₹) | വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

**അംഗീകരിച്ചത്:** **തയാറാക്കിയത്:**

**ചിത്രം 3.3** : *ജേർണൽ വൗച്ചറിന്റെ മാതൃക*

അക്കൗണ്ടിംഗ് വൗച്ചറുകളുടെ രൂപകല്പനയിൽ ബിസിനസ്സിന്റെ സ്വഭാവത്തിനും, ആവശ്യങ്ങൾക്കും, സൗകര്യത്തിനും അനുസരിച്ച് മാറ്റം വരുത്താവുന്നതാണ്. വിവിധതരം അക്കൗണ്ടിംഗ് വൗച്ചറുകൾ തിരിച്ചറിയുന്നതിന് അവ പല നിറത്തിലുള്ള കടലാസുകളിൽ അച്ചടിക്കാവുന്നതാണ്. അക്കൗണ്ടിംഗ് വൗച്ചറുകൾക്ക് താഴെ പറയുന്ന അനിവാര്യ ഘടകങ്ങളുണ്ടായിരിക്കണം:

- ഗുണനിലവാരമുള്ള പേപ്പറുകളിൽ തയാറാക്കണം.
- സ്ഥാപനത്തിന്റെ പേര് മുകളിലായി നൽകണം.
- ഇടപാട് നടന്ന തീയതിയാണ് കണക്ക് ബുക്കിൽ കാണിക്കേണ്ടത്. ഇവിടെ ഇടപാട് രേഖപ്പെടുത്തുന്ന തീയതി കാണിക്കേണ്ടതില്ല.
- വൗച്ചർ നമ്പറുകൾ ക്രമത്തിലായിരിക്കണം.
- ഡെബിറ്റ്, ക്രെഡിറ്റ് അക്കൗണ്ടുകളുടെ പേര് നൽകിയിരിക്കണം.
- തുക അക്കത്തിലും, അക്ഷരത്തിലും നൽകണം.

- ഇടപാടിന്റെ വിശദീകരണം നൽകണം.
- തയാറാക്കുന്നയാളുടെ പേര്, ഒപ്പ് എന്നിവ ഉണ്ടായിരിക്കണം.
- അംഗീകാരം നൽകുന്നയാളുടെ പേര്, ഒപ്പ് എന്നിവ ഉണ്ടായിരിക്കണം.

## 3.2 അക്കൗണ്ടിംഗ് സമവാക്യം (Accounting Equation)

ഒരു ബിസിനസ്സിലെ ആകെ ആസ്തികൾ അതിന്റെ ബാധ്യതകൾക്കും, മൂലധനത്തിനും തുല്യമായിരിക്കുമെന്നതാണ് അക്കൗണ്ടിംഗ് സമവാക്യം സൂചിപ്പിക്കുന്നത്. അക്കൗണ്ടിംഗ് സമവാക്യം താഴെ പറയുന്ന രീതികളിൽ പ്രസ്താവിക്കാം:

ആസ്തികൾ (A) = ബാധ്യതകൾ (L) + മൂലധനം (C)

മൂലധനം (C) = ആസ്തികൾ (A) - ബാധ്യതകൾ (L)

ബാധ്യതകൾ (L) = ആസ്തികൾ (A) - മൂലധനം (C)

ബാക്കിപത്രം (ബാലൻസ് ഷീറ്റ്) തയാറാക്കുമ്പോൾ രണ്ട് വശങ്ങളിലെയും ആകെ തുക തുല്യമാകുന്നത് ഈ സമവാക്യമനുസരിച്ച് ഇടപാടുകൾ കണക്ക് ബുക്കിൽ രേഖപ്പെടുത്തുന്നത് കൊണ്ടാണ്. അതുകൊണ്ട് അക്കൗണ്ടിംഗ് സമവാക്യത്തെ ബാലൻസ്ഷീറ്റ് സമവാക്യം എന്നുകൂടി വിശേഷിപ്പിക്കുന്നു.

ഒരു പ്രത്യേക സമയത്ത് ബിസിനസ്സിലുള്ള വിഭവങ്ങൾ, അവ സ്വരൂപിക്കാൻ പണം നൽകിയവരുടെ അവകാശങ്ങൾക്ക് തുല്യമായിരിക്കും. ബിസിനസ്സിലുള്ള വിഭവങ്ങൾ, ഉടമസ്ഥരിൽ നിന്നും, പുറത്തുള്ളവരിൽ നിന്നും ധനസമാഹരണത്തിലൂടെ ലഭ്യമാക്കിയിട്ടുള്ളതാണ്. ഉടമസ്ഥന്റെ ഈ അവകാശത്തെ മൂലധനമെന്നും, പുറത്തുള്ളവരുടെ അവകാശത്തെ ബാധ്യതകളെന്നും പറയുന്നു. ഇവയെല്ലാം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയാണ് ഒരു ബിസിനസ്സിന്റെ സാമ്പത്തിക സ്ഥിതി നിർണയിക്കുന്നത്. ബാലൻസ് ഷീറ്റിന്റെ വലതു ഭാഗത്ത് ആസ്തികളും ഇടതുഭാഗത്ത് ബാധ്യതകളും മൂലധനവും കാണിക്കുന്നു. ഇങ്ങനെ ബാലൻസ് ഷീറ്റിലെ തുല്യത, അക്കൗണ്ടിംഗ് സമവാക്യത്തിന്റെ ആധികാരികതയാണ് വ്യക്തമാക്കുന്നത്.

ഉദാഹരണം 1

രോഹിത് ₹ 5,00,000 മൂലധനവുമായി ബിസിനസ്സ് ആരംഭിച്ചു. അക്കൗണ്ടിംഗ് ചിന്താഗതിയിൽ, ഇതിലൂടെ ബിസിനസ്സിന് വിഭവമായി ലഭിച്ചത് പണമായി ₹ 5,00,000 യും അതിന്റെ സ്രോതസ് ഉടമസ്ഥനായ രോഹിത് മൂലധനമായി കൊണ്ടുവന്ന ₹ 5,00,000 യുമാണ്.

രോഹിതിന്റെ കണക്കു ബുക്കിൽ, വിഭവങ്ങളുടെയും, അവയുടെ സ്രോതസ്സുകളുടെയും തുല്യതയായി ഈ ഇടപാട് താഴെ കാണിച്ചിരിക്കുന്നു.

**ബാലൻസ് ഷീറ്റ്**

| *ബാധ്യതകൾ* | *തുക (₹)* | *ആസ്തികൾ* | *തുക (₹)* |
|---|---|---|---|
| മൂലധനം (ക്യാപ്പിറ്റൽ) | 5,00,000 | കൈവശമുള്ള പണം (ക്യാഷ്) | 5,00,000 |
| ആകെ | 5,00,000 | ആകെ | 5,00,000 |

നൽകിയിരിക്കുന്ന ബാലൻസ് ഷീറ്റിൽ നിന്ന് ബിസിനസ്സിലെ ഇപ്പോഴുള്ള ആസ്തികൾക്ക് തുല്യമാണ് ബാധ്യതകളെന്നു മനസ്സിലാക്കാം. ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുകൊണ്ട്, ബിസിനസ്സിൽ നിക്ഷേപമായുള്ള തുക ഇപ്പോൾ ₹5,00,000 യാണ്. എന്നാൽ ബിസിനസ്സിന് ലാഭം ഉണ്ടായാൽ മൂലധനം വർധിക്കുകയും, നഷ്ടം സംഭവിച്ചാൽ പ്രസ്തുത ബിസിനസ്സിലെ മൂലധനം കുറയുകയും ചെയ്യും.

ഈ ബിസിനസ്സിൽ, താഴെ നൽകിയിരിക്കുന്ന ഇടപാടുകൾ അക്കൗണ്ടിംഗ് സമവാക്യത്തിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്നു നോക്കാം.

*ഉദാഹരണം 1 (തുടർച്ച)*

1. ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ₹ 4,80,000 നിക്ഷേപിച്ച് ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. (ഈ ഇടപാടിലൂടെ ആസ്തിയായ കൈവശമുള്ള പണം കുറയുകയും, മറ്റൊരു ആസ്തിയായ ബാങ്കിലുള്ള പണം കൂടുകയും ചെയ്തു).
2. ഫർണിച്ചർ വാങ്ങി ₹ 60,000 യുടെ ചെക്ക് നൽകി. (ഇതിലൂടെ ഫണിച്ചർ എന്ന ആസ്തി കൂടുകയും, മറ്റൊരു ആസ്തിയായ ബാങ്കിലെ പണം കുറയുകയും ചെയ്തു).
3. ബിസിനസ്സിലേക്ക് ₹1,25,000 യുടെ മെഷിനറികൾ റമീസിൽ നിന്നും വാങ്ങുകയും, ₹10,000 രൊക്കം പണമായി നൽകുകയും ചെയ്തു. (ഇതിലൂടെ മെഷിനറി എന്ന ആസ്തി കൂടുകയും, പണം ₹10,000 കുറയുകയും, ബാധ്യതയായ ക്രെഡിറ്റേഴ്സ് ₹1,15,000 കൂടുകയും ചെയ്തു).
4. സുമിത് ട്രേഡേഴ്സിൽ നിന്ന് ₹55,000 യുടെ സാധനങ്ങൾ കടമായി വാങ്ങി. (ഇതിലൂടെ ആസ്തിയായി ₹55,000 യുടെ സാധനങ്ങൾ വർധിക്കുകയും, ബാധ്യതയായ ക്രെഡിറ്റേഴ്സ് ₹55,000 വർധിക്കുകയും ചെയ്തു.)
5. രജനി എന്റർപ്രൈസസിന് ₹25,000 വിലയുള്ള സാധനങ്ങൾ ₹35,000 ന് കടമായി വിറ്റു. (ഇതിലൂടെ ഡെബ്റ്റേഴ്സ് എന്ന ആസ്തി ₹35,000 കൂടുകയും, ആസ്തിയായ സാധനങ്ങൾ ₹25,000 കുറയുകയും, ലാഭമായ ₹10,000 മൂലധനത്തിൽ കൂടുകയും ചെയ്തു).

മേൽ പ്രതിപാദിച്ച ഇടപാടുകൾക്കു ശേഷമുള്ള അക്കൗണ്ടിംഗ് സമവാക്യം താഴെ ചുരുക്കി യെഴുതിയിരിക്കുന്നു. (നിർധാരണം അടുത്ത പേജിൽ പട്ടിക 3.1 ൽ നൽകിയിരിക്കുന്നു)

**ബാലൻസ് ഷീറ്റ്**

| *ബാധ്യതകൾ* | *തുക (₹)* | *ആസ്തികൾ* | *തുക (₹)* |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 1,70,000 | ക്യാഷ് | 10,000 |
| ക്യാപ്പിറ്റൽ | 5,10,000 | ബാങ്ക് ബാലൻസ് | 4,20,000 |
| | | ഡെബ്റ്റേഴ്സ് | 35,000 |
| | | സ്റ്റോക്ക് | 30,000 |
| | | ഫർണിച്ചർ | 60,000 |
| | | മെഷിനറി | 1,25,000 |
| | 6,80,000 | | 6,80,000 |

ഇത് ഒരു സമവാക്യമായി കാണിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.
ആസ്തികൾ = ബാധ്യതകൾ + മൂലധനം
₹ 6,80,000 = ₹ 1,70,000 + ₹ 5,10,000

### 3.3 ഡെബിറ്റ്, ക്രെഡിറ്റ് എന്നിവയുടെ ഉപയോഗം (Using Debit and Credit)

എല്ലാ ബിസിനസ്സ് ഇടപാടുകളിലും ലഭിക്കുന്ന കാര്യങ്ങളും, നൽകുന്ന കാര്യങ്ങളും ഉണ്ടാവുമെന്ന് കണ്ടല്ലോ? ഈ രണ്ട് കാര്യങ്ങളും രേഖപ്പെടുത്തുന്ന രീതിയാണ് ഇരട്ടപ്പതി ക്കൽ സമ്പ്രദായം (Double entry system). അപ്പോൾ, ശാസ്ത്രീയ അക്കൗണ്ടിംഗ് രീതിയിൽ ഒരു ഇടപാട് ചുരുങ്ങിയത് രണ്ട് അക്കൗണ്ടുകളിലെങ്കിലും രേഖപ്പെടുത്തേണ്ടതുണ്ട്. അതായത്, ഒരു അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും, മറ്റൊരു അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും വേണം. ഒരു ഇടപാട് രേഖപ്പെടുത്തുമ്പോൾ, ആകെ ഡെബിറ്റ് തുകയും, ആകെ ക്രെഡിറ്റ് തുകയും തുല്യമായിരിക്കും. അക്കൗണ്ടിംഗിൽ, ഡെബിറ്റ്, ക്രെഡിറ്റ് എന്നീ വാക്കുകൾ സൂചിപ്പിക്കുന്നത് ബന്ധപ്പെട്ട അക്കൗണ്ടിന്റെ ഏത് ഭാഗത്ത് ഇത് എഴുതണമെന്നുള്ളതാണ്. ഒരു അക്കൗണ്ട് **'T'** എന്ന ഇംഗ്ലീഷ് അക്ഷര രൂപത്തിൽ തയാറാക്കുന്നതിനാൽ അതിന് രണ്ട് വശങ്ങളുണ്ടായിരിക്കും. ഇതിൽ ഇടതു വശത്ത് രേഖപ്പെടുത്തുന്നതിനെ 'ഡെബിറ്റ്' ചെയ്യുകയെന്നും, വലതു വശത്ത് രേഖപ്പെടുത്തു ന്നതിനെ 'ക്രെഡിറ്റ്' ചെയ്യുകയെന്നും പറയുന്നു. ഡെബിറ്റിന് **'Dr.'** എന്നും, ക്രെഡിറ്റിന് **'Cr.'** എന്നും ചുരുക്കെഴുത്തുണ്ട്. ഉദാഹരണമായി, ബിസിനസ്സിൽ നിന്നും കടമായി സാധ നങ്ങൾ വാങ്ങുന്ന ഒരു ഉപഭോക്താവിന്റെ (ഡെബ്റ്റേഴ്സ്) അക്കൗണ്ടിൽ, അയാൾ സാധന ങ്ങൾ വാങ്ങുന്നത് ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തുകയും, പണം നൽകുന്നത് ക്രെഡിറ്റ് ഭാഗത്ത് രേഖപ്പെടുത്തുകയും ചെയ്യണം. ഇരുവശത്തുമുള്ള തുകകൾ തുലനം ചെയ്യു

(താഴെ നൽകിയിരിക്കുന്ന പട്ടികയിൽ, ഉദാഹരണം 1 ലെ ഇടപാടുകളുടെ അക്കൗണ്ടിംഗ് സമവാക്യങ്ങൾ വികസിപ്പിച്ചെഴുതിയിരിക്കുന്നു.)

## അക്കൗണ്ടിംഗ് സമവാക്യ പട്ടിക

*(സംഖ്യകൾ ₹)*

| ഇടപാട് നമ്പർ | ക്യാഷ് | ബാങ്ക് | ആസ്തികൾ |  | ഫർണിച്ചർ | മെഷിനറി | ആകെ | ബാധ്യതകൾ | മൂലധനം | ആകെ |
|---|---|---|---|---|---|---|---|---|---|---|
|  |  |  | ഡെബ്റ്റേഴ്സ് | സ്റ്റോക്ക് |  |  |  |  |  |  |
| സമവാക്യം | 5,00,000 |  |  |  |  |  | 5,00,000 | ....... | 5,00,000 | 5,00,000 |
| 1.<br>പുതിയ സമവാക്യം | (4,80,000)<br>20,000 | 4,80,000<br>4,80,000 |  |  |  |  | .......<br>5,00,000 |  | .......<br>5,00,000 | .......<br>5,00,000 |
| 2.<br>പുതിയ സമവാക്യം | .......<br>20,000 | (60,000)<br>4,20,000 |  |  | 60,000<br>60,000 |  | .......<br>5,00,000 |  | .......<br>5,00,,000 | .......<br>5,00,000 |
| 3.<br>പുതിയ സമവാക്യം | (10,000)<br>10,000 | 4,20,000 |  |  | 60,000 | 1,25,000<br>1,25,000 | 1,15,000<br>6,15,000 | 1,15,000<br>1,15,000 | 5,00,000 | 1,15,000<br>6,15,000 |
| 4.<br>പുതിയ സമവാക്യം | 10,000 | 4,20,000 |  | 55,000<br>55,000 | 60,000 | 1,25,000 | 55,000<br>6,70,000 | 55,000<br>1,70,000 | 5,00,000 | 55,000<br>6,70,000 |
| 5. |  |  | 35,000 | (25,000) |  |  | 10,000 |  | 10,000 | 10,000 |
| പുതിയ സമവാക്യം | 10,000 | 4,20,000 | 35,000 | 30,000 | 60,000 | 1,25,000 | 6,80,000 | 1,70,000 | 5,10,000 | 6,80,000 |

പട്ടിക 3.1

മ്പോൾ, അയാളിൽ നിന്നും ലഭിക്കാനുള്ള തുക കണ്ടുപിടിക്കാൻ കഴിയും. അക്കൗണ്ടുകളുടെ 'T' രൂപം താഴെ കാണിച്ചിരിക്കുന്നു:

| അക്കൗണ്ടിന്റെ പേര് | |
|---|---|
| (ഇടതു വശം) (ഇവിടെ രേഖപ്പെടുത്തുന്നതിനെ ഡെബിറ്റ് ചെയ്യുകയെന്നു പറയുന്നു) | (വലതുവശം) (ഇവിടെ രേഖപ്പെടുത്തുന്നതിനെ ക്രെഡിറ്റ് ചെയ്യുകയെന്നു പറയുന്നു) |

**ചിത്രം 3.4 :** *അക്കൗണ്ടുകളുടെ 'T' മാതൃക*

ഏതുതരം അക്കൗണ്ടാണ് എന്നതിനെ അനുസരിച്ച് ഡെബിറ്റ്, ക്രെഡിറ്റ് നിയമങ്ങൾ വ്യത്യസ്തമായിരിക്കും. അക്കൗണ്ടുകളെ പ്രധാനമായും അഞ്ചായി തരം തിരിക്കാം:

1. ആസ്തികൾ (Assets)
2. ബാധ്യതകൾ (Liabilities)
3. മൂലധനം (Capital)
4. വരുമാനങ്ങൾ, നേട്ടങ്ങൾ (Revenues/Incomes, Gains)
5. ചെലവുകൾ, നഷ്ടങ്ങൾ (Expenses, Losses)

ഈ അക്കൗണ്ടുകളുടെ ഡെബിറ്റ്, ക്രെഡിറ്റ് നിയമങ്ങൾ താഴെ നൽകിയിരിക്കുന്നു.

*(1)* ആസ്തികൾ:
കൂടുന്നത് ഡെബിറ്റ് ചെയ്യുന്നു. കുറയുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

*(2)* ബാധ്യതകൾ:
കുറയുന്നത് ഡെബിറ്റ് ചെയ്യുന്നു, കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

*(3)* മൂലധനം:
കുറയുന്നത് ഡെബിറ്റ് ചെയ്യുന്നു, കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

*(4)* വരുമാനങ്ങൾ/നേട്ടങ്ങൾ:
കുറയുന്നത് ഡെബിറ്റ് ചെയ്യുന്നു, കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

*(5)* ചെലവുകൾ/നഷ്ടങ്ങൾ:
കൂടുന്നത് ഡെബിറ്റ് ചെയ്യുന്നു. കുറയുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

**ഈ അഞ്ച് നിയമങ്ങളെ രണ്ടായി സംഗ്രഹിക്കാം.**

1. **ആസ്തികൾ, ചെലവുകൾ, നഷ്ടങ്ങൾ: കൂടുന്നത് ഡെബിറ്റ് ചെയ്യുന്നു, കുറയുന്നത് ക്രെഡിറ്റ് ചെയ്യുന്നു.**
2. **ബാധ്യതകൾ, മൂലധനം, വരുമാനങ്ങൾ, നേട്ടങ്ങൾ: കുറയുന്നത് ഡെബിറ്റ് ചെയ്യുന്നു, കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.**

**ഡെബിറ്റിനും ക്രെഡിറ്റിനുമുള്ള നിയമങ്ങൾ (Rules of Debit and Credit)**

**ആസ്തികൾ**

| | |
|---|---|
| (കൂടുന്നു)<br>+<br>ഡെബിറ്റ് | (കുറയുന്നു)<br>–<br>ക്രെഡിറ്റ് |

**ബാധ്യതകൾ**

| | |
|---|---|
| (കുറയുന്നു)<br>–<br>ഡെബിറ്റ് | (കൂടുന്നു)<br>+<br>ക്രെഡിറ്റ് |

**ക്യാപ്പിറ്റൽ**

| | |
|---|---|
| (കുറയുന്നു)<br>–<br>ഡെബിറ്റ് | (കൂടുന്നു)<br>+<br>ക്രെഡിറ്റ് |

**ചെലവുകൾ/നഷ്ടങ്ങൾ**

| | |
|---|---|
| (കൂടുന്നു)<br>+<br>ഡെബിറ്റ് | (കുറയുന്നു)<br>–<br>ക്രെഡിറ്റ് |

**വരുമാനങ്ങൾ/നേട്ടങ്ങൾ**

| | |
|---|---|
| (കുറയുന്നു)<br>–<br>ഡെബിറ്റ് | (കൂടുന്നു)<br>+<br>ക്രെഡിറ്റ് |

താഴെ നൽകിയിരിക്കുന്ന ഇടപാടുകളുടെ വിശകലനത്തിലൂടെ, ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ടും, ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ടും നമുക്ക് മനസ്സിലാക്കാം:

1. രോഹിത് ₹ **5,00,000** മൂലധനവുമായി ബിസിനസ്സ് ആരംഭിച്ചു.

   ഈ ഇടപാടിൽ ബിസിനസ്സിലുള്ള പണം കൂടുകയും, മൂലധനം വർധിക്കുകയും ചെയ്യുന്നു. പണം എന്ന ആസ്തി കൂടുന്നത് ഡെബിറ്റ് ചെയ്യണം. എന്നാൽ മൂലധനം വർധിക്കുന്നത് ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇടപാട് പണ (ക്യാഷ്) അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, മൂലധന അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

**ക്യാഷ് അക്കൗണ്ട്**

| | |
|---|---|
| **(1) 5,00,000** | |

**ക്യാപ്പിറ്റൽ അക്കൗണ്ട്**

| | |
|---|---|
| | **(1) 5,00,000** |

2. ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ **₹4,80,000** നിക്ഷേപിച്ച് ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

   ഈ ഇടപാടിൽ ബാങ്കിലുള്ള പണം കൂടുകയും, കൈവശമുള്ള പണം കുറയുകയും ചെയ്യുന്നു. ബാങ്ക് എന്ന ആസ്തി കൂടുന്നത് ഡെബിറ്റ് ചെയ്യണം. എന്നാൽ പണം കുറയുന്നത് ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇടപാട്, ബാങ്ക് അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, ക്യാഷ് അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

**ക്യാഷ് അക്കൗണ്ട്**

| | |
|---|---|
| (1) 5,00,000 | **(2) 4,80,000** |

**ബാങ്ക് അക്കൗണ്ട്**

| | |
|---|---|
| **(2) 4,80,000** | |

3. ഫർണിച്ചർ വാങ്ങി ₹ **60,000** യുടെ ചെക്ക് നൽകി.

ഈ ഇടപാടിൽ ഫർണിച്ചർ എന്ന ആസ്തി കൂടുകയും, ബാങ്ക് ബാലൻസ് എന്ന ആസ്തി കുറയുകയും ചെയ്യുന്നു. ഫർണിച്ചർ എന്ന ആസ്തി കൂടുന്നത് ഡെബിറ്റ് ചെയ്യണം. ബാങ്കിലെ പണം കുറയുന്നത് ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇട പാട് ഫർണിച്ചർ അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, ബാങ്ക് അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

**ഫർണിച്ചർ അക്കൗണ്ട്**

| | |
|---|---|
| **(3) 60,000** | |

**ബാങ്ക് അക്കൗണ്ട്**

| | |
|---|---|
| (2) 4,80,000 | **(3) 60,000** |

4. ബിസിനസ്സിലേക്ക് ₹ **1,25,000** യുടെ മെഷിനറികൾ റമീസിൽ നിന്ന് വാങ്ങുകയും, ₹ **10,000** റൊക്കം പണമായി നൽകുകയും ചെയ്തു.

ഈ ഇടപാടിൽ മെഷിനറി കൂടുകയും, റമീസിനോടുള്ള ബാധ്യത വർധിക്കുകയും, കൈവശമുള്ള പണം കുറയുകയും ചെയ്യുന്നു. മെഷിനറി എന്ന ആസ്തി കൂടുന്നത് ഡെബിറ്റ് ചെയ്യണം. എന്നാൽ ബാധ്യത (ക്രെഡിറ്റേഴ്സ്) വർധിക്കുന്നതും, പണം കുറയുന്നതും ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇടപാട് മെഷിനറി അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, റമീസിന്റെ അക്കൗണ്ടിന്റെയും, ക്യാഷ് അക്കൗണ്ടി ന്റെയും, വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

**ക്യാഷ് അക്കൗണ്ട്**

| | |
|---|---|
| (1) 5,00,000 | (2) 4,80,000<br>**(4) 10,000** |

**മെഷിനറി അക്കൗണ്ട്**

| | |
|---|---|
| **(4) 1,25,000** | |

**റമീസ് അക്കൗണ്ട്**

| | |
|---|---|
| | **(4) 1,15,000** |

5. സുമിത് ട്രേഡേഴ്സിൽ നിന്നും ₹ **55,000** യുടെ സാധനങ്ങൾ കടമായി വാങ്ങി.

ഈ ഇടപാടിൽ സാധനങ്ങൾ വാങ്ങിയ വകയിലുള്ള ചെലവ് (പർച്ചേയ്സ്) കൂടുകയും, സുമിത് ട്രേഡേഴ്സിനോടുള്ള ബാധ്യത വർധിക്കുകയും ചെയ്യുന്നു. പർച്ചെയ്സ് എന്ന ചെലവ് കൂടുന്നത് ഡെബിറ്റ് ചെയ്യണം. എന്നാൽ ക്രെഡിറ്റേഴ്സ് വർധിക്കുന്നത് ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇടപാട് പർച്ചെയ്സ് അക്കൗ ണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, ക്രെഡിറ്റേഴ്സായുള്ള സുമിത് ട്രേഡേഴ്സ് അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

| പർച്ചെയ്സ് അക്കൗണ്ട് | | സുമിത് ട്രേഡേഴ്സ് അക്കൗണ്ട് | |
|---|---|---|---|
| (5) 55,000 | | | (5) 55,000 |

6. രജനി എന്റർപ്രൈസസിന് ₹ **25,000** വിലയുള്ള സാധനങ്ങൾ ₹ **35,000** യ്ക്ക് കടമായി വിറ്റു.

ഈ ഇടപാടിൽ വിൽപ്പനയുടെ കിട്ടാനുള്ള തുക (ഡെബ്റ്റേഴ്സ്) വർധിക്കുകയും, വിറ്റുവരവ് (സെയിൽസ്) വർധിക്കുകയും ചെയ്യുന്നു. ഡെബ്റ്റേഴ്സ് എന്ന ആസ്തി കൂടുന്നത് ഡെബിറ്റ് ചെയ്യണം. എന്നാൽ വരുമാനം വർധിക്കുന്നത് ക്രെഡിറ്റ് ചെയ്യണം. അതായത്, ഈ ഇടപാട് രജനി എന്റർപ്രൈസസിനുള്ള അക്കൗണ്ടിന്റെ (ഡെബ്റ്റേഴ്സ്) ഇടത് (ഡെബിറ്റ്) ഭാഗത്തും, സെയിൽസ് അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം. (വിൽപ്പനയിലുള്ള ₹ **10,000** ലാഭം മൂലധനം വർധിപ്പിക്കുന്നു).

| സെയിൽസ് അക്കൗണ്ട് | | രജനി എന്റർപ്രൈസസ് അക്കൗണ്ട് | |
|---|---|---|---|
| | (6) 35,000 | (6) 35,000 | |

7. കടയുടെ വാടകയായി ₹ **2,500** നൽകി

ഈ ഇടപാടിൽ, വാടകച്ചെലവ് കൂടുകയും, കൈവശമുള്ള പണം കുറയുകയും ചെയ്തു. ഇവിടെ വാടകച്ചെലവ് കൂടുന്നത് ഡെബിറ്റ് ചെയ്യുകയും, പണം കുറയുന്നത് ക്രെഡിറ്റ് ചെയ്യുകയും വേണം. ഈ ഇടപാട് വാടക അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, പണം (ക്യാഷ്) അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

| റെന്റ് അക്കൗണ്ട് | | ക്യാഷ് അക്കൗണ്ട് | |
|---|---|---|---|
| (7) 2,500 | | (7) 5,00,000 | (2) 4,80,000<br>(4) 10,000<br>(7) 2,500 |

8. ഓഫീസ് ജീവനക്കാരന് ₹ **5,000** ശമ്പളം നൽകി.

ഈ ഇടപാടിൽ, ശമ്പളച്ചെലവ് കൂടുകയും, കൈവശമുള്ള പണം കുറയുകയും ചെയ്തു. ഇവിടെ ശമ്പളച്ചെലവ് കൂടുന്നത് ഡെബിറ്റ് ചെയ്യുകയും, പണം കുറയുന്നത് ക്രെഡിറ്റ് ചെയ്യുകയും വേണം. ഈ ഇടപാട് ശമ്പള അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, പണം (ക്യാഷ്) അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

| സാലറി അക്കൗണ്ട് | | ക്യാഷ് അക്കൗണ്ട് | |
|---|---|---|---|
| **(8) 5,000** | | (1) 5,00,000 | (2) 4,80,000<br>(4) 10,000<br>(7) 2,500<br>**(8) 5,000** |

9. രജനി എന്റർപ്രൈസസിൽ നിന്ന് മുഴുവൻ തുകയും ലഭിക്കുകയും, അത് അന്നു തന്നെ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു.

ഈ ഇടപാടിൽ, ബാങ്കിലെ നിക്ഷേപം കൂടുകയും, ഡെബ്റ്റേഴ്സ് കുറയുകയും ചെയ്തു. ഇവിടെ ബാങ്ക് ബാലൻസ് കൂടുന്നത് ഡെബിറ്റ് ചെയ്യുകയും, ആസ്തിയായ ഡെബ്റ്റേഴ്സ് കുറയുന്നത് ക്രെഡിറ്റ് ചെയ്യുകയും വേണം. ഈ ഇടപാട് ബാങ്ക് അക്കൗണ്ടിന്റെ ഇടത് (ഡെബിറ്റ്) ഭാഗത്തും, രജനി എന്റർപ്രൈസസിനുള്ള (ഡെബ്റ്റേഴ്സ്) അക്കൗണ്ടിന്റെ വലത് (ക്രെഡിറ്റ്) ഭാഗത്തും രേഖപ്പെടുത്തണം.

| രജനി എന്റർപ്രൈസസ് അക്കൗണ്ട് | | ബാങ്ക് അക്കൗണ്ട് | |
|---|---|---|---|
| (6) 35,000 | **(9) 35,000** | (2) 4,80,000<br>**(9) 35,000** | (3) 60,000 |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - I**

1. ഇരട്ടപ്പതിക്കൽ അക്കൗണ്ടിംഗ് രീതിയിൽ നിർദേശിക്കുന്നത്:
   (i) എല്ലാ ഇടപാടുകളിലും ആസ്തികളുടെ അക്കൗണ്ട് ഡെബിറ്റു ചെയ്യുമ്പോൾ, ബാധ്യത അക്കൗണ്ടുകളോ, മൂലധന അക്കൗണ്ടുകളോ ക്രെഡിറ്റ് ചെയ്യണം.
   (ii) ബാധ്യതയെ ഡെബിറ്റ് ചെയ്യേണ്ട ഇടപാടുകളിൽ, ആസ്തിയെ മാത്രമേ ക്രെഡിറ്റ് ചെയ്യാൻ പാടുള്ളൂ.
   (iii) ഓരോ ഇടപാടും രേഖപ്പെടുത്തുമ്പോൾ, ഡെബിറ്റിന് തുല്യമായ ക്രെഡിറ്റ് നൽകണം.
2. മൂലധനം കൂടുന്നതിനും, കുറയുന്നതിനും ഇടയാക്കുന്ന ഇടപാടുകൾക്ക് ഉദാഹരണം എഴുതുക.
3. എല്ലാ സാഹചര്യങ്ങളിലും ഡെബിറ്റ് എന്നാൽ വർധിക്കുന്നതിനെയും ക്രെഡിറ്റ് എന്നാൽ കുറയുന്നതിനെയുമാണോ സൂചിപ്പിക്കുന്നത്?
4. നൽകിയിട്ടുള്ള അക്കൗണ്ടുകൾ തരം തിരിച്ചിരിക്കുന്നതിൽ ശരിയായത് ഏതാണ്?
   (1) ബിൾഡിംഗ് (2) കൂലി (3) വാടക കിട്ടിയത് (4) ബാങ്ക് വായ്പ (5) ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക (6) മുൻകൂർ നൽകിയ വാടക (7) വിൽപ്പന (8) അധിക മൂലധനം (9) തൻപറ്റ് (10) കിഴിവ് അനുവദിച്ചത്

| | *ആസ്തികൾ* | *ബാധ്യതകൾ* | *മൂലധനം* | *വരുമാനങ്ങൾ* | *ചെലവുകൾ* |
|---|---|---|---|---|---|
| (i) | 4,5 | 1,3 | 6,9 | 2, 10 | 7,8 |
| (ii) | 1, 6 | 4, 5 | 8, 9 | 3,7 | 2, 10 |
| (iii) | 2, 10, | 4, 6 | 8 | 7, 5 | 1, 3, 9 |

**നിർദ്ധാരണം : 1**

നൽകിയിട്ടുള്ള ഒരോ ഇടപാടും ആസ്തി ബാധ്യതകളെ എങ്ങനെ ബാധിക്കുന്നുവെന്ന് വിശകലനം ചെയ്യുക. അക്കൗണ്ടിംഗ് സമവാക്യത്തിലെ തുല്യത എല്ലാ ഇടപാടുകളിലും ശരിയാണെന്ന് കാണിക്കുക.

(i) ₹8,00,000 പണമായും, ₹50,000 യുടെ സ്റ്റോക്കായും ബിസിനസ്സ് ആരംഭിച്ചു.

(ii) ₹15,000 രൊക്കം പണമായി നൽകി, ബാക്കിത്തുക പിന്നീട് നൽകാമെന്ന വ്യവസ്ഥയിൽ, ₹3,00,000 യുടെ മെഷിനറി വാങ്ങി.

(iii) ബാങ്കിൽ ₹6,00,000 നിക്ഷേപിച്ചു.

(iv) ₹1,00,000 യുടെ ഓഫീസ് ഫർണിച്ചർ വാങ്ങി, തുക ചെക്കായി നൽകി.

(v) ₹80,000 യുടെ സാധനങ്ങൾ രൊക്കം പണം നൽകിയും, ₹35,000 യുടെ സാധനങ്ങൾ കടമായും വാങ്ങി.

(vi) ₹45,000 യുടെ സാധനങ്ങൾ ₹60,000 യ്ക്ക് രൊക്കം പണത്തിന് വിറ്റു.

(vii) ₹80,000 യുടെ സാധനങ്ങൾ ₹1,25,000 യ്ക്ക് കടമായി വിറ്റു.

(viii) ₹35,000 യുടെ ചെക്ക് ക്രെഡിറ്റേഴ്സിനു നൽകി.

(ix) പണം തരുവാനുള്ള ഒരു ഇടപാടുകാരനിൽ നിന്നും ₹75,000യുടെ ചെക്ക് കിട്ടി.

(x) ₹25,000 സ്വകാര്യാവശ്യങ്ങൾക്കായി ബിസിനസ്സിൽ നിന്ന് പിൻവലിച്ചു.

*ഉത്തരങ്ങളുടെ വിശദീകരണം*

1. ഈ ഇടപാടിൽ ആസ്തികളായ പണവും, സ്റ്റോക്കും കൂടുകയും, മൂലധനം വർധിക്കുകയും ചെയ്യുന്നു.

₹

| ആസ്തികൾ | | = | ബാധ്യതകൾ + മൂലധനം |
|---|---|---|---|
| പണം + | സ്റ്റോക്ക് | = | മൂലധനം |
| 8,00,000 + | 50,000 | = | 8,50,000 |
| **ആകെ** | **8,50,000** | = | **8,50,000** |

2. ഈ ഇടപാടിൽ ആസ്തിയായ മെഷിനറിയും, ബാധ്യതയായ ക്രെഡിറ്റേഴ്സും കൂടുന്നു, എന്നാൽ ഭാഗികമായി പണം നൽകുന്നതിനാൽ, ആസ്തിയായ പണം കുറയുന്നു.

₹

| ആസ്തികൾ | | | = | ബാധ്യതകൾ | + മൂലധനം |
|---|---|---|---|---|---|
| പണം + | സ്റ്റോക്ക് + | മെഷിനറി | = | ക്രെഡിറ്റേഴ്സ് | മൂലധനം |
| 8,00,000 + | 50,000 | | = | | 8,50,000 |
| **(15,000)** | | **3,00,000** | = | **2,85,000** | |
| **7,85,000 +** | **50,000 +** | **3,00,000** | = | **2,85,000** | **+ 8,50,000** |
| **ആകെ** | **11,35,000** | | = | **11,35,000** | |

3. ഈ ഇടപാടിൽ, ആസ്തികളായ ബാങ്ക് ബാലൻസ് കൂടുകയും, കൈവശമുള്ള പണം കുറയുകയും ചെയ്യുന്നു.

₹

| ആസ്തികൾ | | | | | | | = | ബാധ്യതകൾ | + | മൂലധനം |
|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | − | മെഷിനറി | + | ബാങ്ക് | | ക്രെഡിറ്റേഴ്സ് | − | മൂലധനം |
| 7,85,000 | + | 50,000 | | 3,00,000 | + | | − | 2,85,000 | | 8,50,000 |
| **(6,00,000)** | + | | | | | **6,00,000** | | | | |
| **1,85,000** | + | **50,000** | + | **3,00,000** | + | **6,00,000** | = | **2,85,000** | + | **8,50,000** |
| ആകെ | | **11,35,000** | | | | | = | **11,35,000** | | |

4. ഈ ഇടപാടിൽ, ആസ്തികളായ ഫർണിച്ചർ കൂടുന്നു, എന്നാൽ ബാങ്ക് ബാലൻസ് കുറയുന്നു.

₹

| ആസ്തികൾ | | | | | | | | | = | ബാധ്യതകൾ | + | മൂലധനം |
|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | | മെഷിനറി | + | ബാങ്ക് | | ഫർണിച്ചർ | | ക്രെഡിറ്റേഴ്സ് | | മൂലധനം |
| 1,85.000 | + | 50,000 | − | 3,00.000 | + | 6.00,000 | | | − | 2.85,000 | − | 8.50,000 |
| | | | | | | **(1,00,000)** | + | **1,00,000** | | | | |
| **1,85,000** | + | **50,000** | + | **3,00,000** | + | **5,00,000** | + | **1,00,000** | = | **2,85,000** | + | **8,50,000** |
| ആകെ | | **11,35,000** | | | | | | | = | **11,35,000** | | |

5. ഈ ഇടപാടിൽ, സാധനങ്ങളുടെ സ്റ്റോക്ക് (₹1,15,000) കൂടുന്നു. എന്നാൽ പണം (₹80,000) കുറയുകയും, ക്രെഡിറ്റേഴ്സ് (₹35,000) കൂടുകയും ചെയ്യുന്നു.

₹

| ആസ്തികൾ | | | | | | | | | = | ബാധ്യതകൾ | + | മൂലധനം |
|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | + | മെഷിനറി | + | ബാങ്ക് | + | ഫർണിച്ചർ | | ക്രെഡിറ്റേഴ്സ് | | മൂലധനം |
| 1,85.000 | + | 50,000 | − | 3,00.000 | + | 5.00,000 | − | 1.00,000 | − | 2.85,000 | − | 8.50,000 |
| **(80,000)** | + | **1,15,000** | | | | | | | = | **35,000** | | |
| **1,05,000** | + | **1,65,000** | − | **3,00,000** | + | **5,00,000** | + | **1,00,000** | = | **3,20,000** | + | **8,50,000** |
| ആകെ | | **11,70,000** | | | | | | | = | **11,70,000** | | |

6. ഈ ഇടപാടിൽ, സ്റ്റോക്ക് (₹45,000) കുറയുന്നു, പണം (₹60,000) കൂടുന്നു, ലാഭം (₹15,000) മൂലധനം വർധിപ്പിക്കുന്നു.

₹

| ആസ്തികൾ | | | | | | | | | = | ബാധ്യതകൾ | + | മൂലധനം |
|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | | മെഷിനറി | + | ബാങ്ക് | | ഫർണിച്ചർ | | ക്രെഡിറ്റേഴ്സ് | | മൂലധനം |
| 1,05.000 | + | 1,65.000 | − | 3,00.000 | + | 5.00,000 | − | 1.00,000 | − | 3.20,000 | − | 8.50,000 |
| **60,000** | + | **(45,000)** | | | | | | | | | + | **15,000** |
| **1,65,000** | + | **1,20,000** | + | **3,00,000** | + | **5,00,000** | + | **1,00,000** | = | **3,20,000** | + | **8,65,000** |
| ആകെ | | **11,85,000** | | | | | | | = | **11,85,000** | | |

7. ഈ ഇടപാടിൽ, ആസ്തികളായ സ്റ്റോക്ക് (₹80,000) കുറയുന്നു, ഡെബ്റ്റേഴ്സ് (₹1,25,000) കൂടുന്നു. ലാഭം (₹45,000) മൂലധനം വർധിപ്പിക്കുന്നു.

₹

| **ആസ്തികൾ** | | | | | | | | | | | **=** | **ബാധ്യതകൾ** | **+** | **മൂലധനം** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | − | മെഷിനറി | + | ബാങ്ക് | − | ഫർണിച്ചർ | − | ഡെബ്റ്റേഴ്സ് | = | ക്രെഡിറ്റേഴ്സ് | + | മൂലധനം |
| 1,65,000 | + | 1,20,000 | | 3,00,000 | + | 5,00,000 | | 1,00,000 | | | − | 3,20,000 | | 8,65,000 |
| | | **(80,000)** | | | | | | | + | **1,25,000** | = | | + | **45,000** |
| **1,65,000** | + | **40,000** | + | **3,00,000** | + | **5,00,000** | + | **1,00,000** | + | **1,25,000** | = | **3,20,000** | + | **9,10,000** |
| **ആകെ** | | **12,30,000** | | | | | | | | | = | **12,30,000** | | |

8. ഈ ഇടപാടിൽ, ആസ്തികളായ ബാങ്ക് ബാലൻസ് ( ₹ 35,000), ബാധ്യതയായ ക്രെഡിറ്റേഴ്സ് ( ₹ 35,000) എന്നിവ കുറയുന്നു.

₹

| **ആസ്തികൾ** | | | | | | | | | | | **=** | **ബാധ്യതകൾ** | **+** | **മൂലധനം** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | | മെഷിനറി | + | ബാങ്ക് | | ഫർണിച്ചർ | | ഡെബ്റ്റേഴ്സ് | = | ക്രെഡിറ്റേഴ്സ് | + | മൂലധനം |
| 1,65,000 | + | 40,000 | | 3,00,000 | + | 5,00,000 | | 1,00,000 | | 1,25,000 | − | 3,20,000 | | 9,10,000 |
| | | | | | | **(35,000)** | | | | | = | **(35,000)** | | |
| **1,65,000** | + | **40,000** | + | **3,00,000** | + | **4,65,000** | + | **1,00,000** | + | **1,25,000** | = | **2,85,000** | + | **9,10,000** |
| **ആകെ** | | **11,95,000** | | | | | | | | | = | **11,95,000** | | |

9. ഈ ഇടപാടിൽ,ആസ്തികളായ ബാങ്ക് ബാലൻസ് ( ₹ 75,000) കൂടുന്നു, ഡെബ്റ്റേഴ്സ് ( ₹ 75,000) കുറയുന്നു. ₹

| **ആസ്തികൾ** | | | | | | | | | | | **=** | **ബാധ്യതകൾ** | **+** | **മൂലധനം** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | − | മെഷിനറി | + | ബാങ്ക് | − | ഫർണിച്ചർ | − | ഡെബ്റ്റേഴ്സ് | = | ക്രെഡിറ്റേഴ്സ് | + | മൂലധനം |
| 1,65.000 | + | 40,000 | − | 3,00.000 | + | 4.65,000 | − | 1.00,000 | − | 1.25,000 | − | 2.85,000 | − | 9.10,000 |
| | | | | | + | **75,000** | | | | **(75,000)** | | | | |
| 1,65.000 | + | 40,000 | − | 3,00.000 | + | 5.40,000 | − | 1.00,000 | − | 50.000 | − | **2,85,000** | + | **9,10,000** |
| **ആകെ** | | **11,95,000** | | | | | | | | | = | **11,95,000** | | |

10. ഈ ഇടപാടിൽ, ആസ്തിയായ പണം ( ₹ 25,000) കുറയുന്നു, എന്നാൽ മൂലധന ( ₹ 25,000) വും കുറയുന്നു. ₹

| **ആസ്തികൾ** | | | | | | | | | | | **=** | **ബാധ്യതകൾ** | **+** | **മൂലധനം** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പണം | + | സ്റ്റോക്ക് | − | മെഷിനറി | + | ബാങ്ക് | − | ഫർണിച്ചർ | − | ഡെബ്റ്റേഴ്സ് | = | ക്രെഡിറ്റേഴ്സ് | + | മൂലധനം |
| 1,65.000 | + | 40,000 | − | 3,00.000 | + | 5.40,000 | − | 1.00,000 | − | 50.000 | − | 2.85,000 | − | 9.10,000 |
| **(25,000)** | | | | | | | | | | | | | + | **(25,000)** |
| **1,40,000** | + | **40,000** | + | **3,00,000** | + | **5,40,000** | + | **1,00,000** | + | **50,000** | = | **2,85,000** | + | **8,85,000** |
| **ആകെ** | | **11,70,000** | | | | | | | | | = | **11,70,000** | | |

### 3.4 പ്രഥമരേഖപ്പെടുത്തൽ ബുക്കുകൾ (Books of Original Entry)

ഓരോ ഇടപാടും ബന്ധപ്പെട്ട അക്കൗണ്ടുകളെ എങ്ങനെ ബാധിക്കുന്നുവെന്നും, അവ ഡെബിറ്റിലാണോ, ക്രെഡിറ്റിലാണോ രേഖപ്പെടുത്തേണ്ടതെന്നും നാം വിശദമായി കണ്ടുവല്ലോ? എന്നാൽ ഇടപാടുകൾ ഓരോ അക്കൗണ്ടിലേക്കും നേരിട്ട് എഴുതാറില്ല. പകരമായി, ഇടപാടുകൾ തരം തിരിക്കാതെ തന്നെ ദിവസക്രമത്തിൽ ജേർണൽ എന്ന ബുക്കിലാണ് രേഖപ്പെടുത്തുന്നത്. അതുകൊണ്ട് ജേർണലിനെ പ്രഥമ രേഖപ്പെടുത്തൽ ബുക്ക് എന്നാണ് വിശേഷിപ്പിക്കുന്നത്. ഉറവിടരേഖകളാണ് ജേർണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാനം. എല്ലാ ഇടപാടുകളും ഒരു ബുക്കിൽ തന്നെ രേഖപ്പെടുത്തുന്നതിനാൽ ഡെബിറ്റിന്റെയും, ക്രെഡിറ്റിന്റെയും തുല്യത ഉറപ്പുവരുത്തുന്നതിനും ജേർണൽ സഹായകരമാണ്. ജേർണലിൽ രേഖപ്പെടുത്തുന്ന ഇടപാടുകൾ പിന്നീട് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തരംതിരിച്ച് എഴുതുന്നു. ജേർണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനെ 'ജേർണലൈസിംഗ്' (Journalising) എന്നാണ് പറയുന്നത്. അങ്ങനെ ഒരു ബിസിനസ്സിലെ എല്ലാ ഇടപാടുകളുടെയും പൂർണമായ വിവരങ്ങൾ ജേർണലിൽ നിന്ന് ലഭിക്കുന്നു. ജേർണലിൽ നിന്ന് ലെഡ്ജറിലുള്ള ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് പകർത്തി എഴുതുന്നതിനെ 'പതിക്കൽ' (Posting) എന്നാണ് പറയുന്നത്. അതുകൊണ്ട് ജേർണൽ 'പ്രഥമ രേഖപ്പെടുത്തൽ' ബുക്കും, ലെഡ്ജർ അക്കൗണ്ടുകൾ 'പ്രമുഖ രേഖപ്പെടുത്തൽ' ബുക്കുമാകുന്നു (Principal Book of entry). വൻകിട സ്ഥാപനങ്ങളിൽ ഒരു ബുക്കിൽ മാത്രം എല്ലാ ഇടപാടുകളും രേഖപ്പെടുത്താതെ, ഇടപാടുകൾ തരം തിരിച്ച് പ്രത്യേക ജേർണലുകളിൽ രേഖപ്പെടുത്തുന്നു. ക്യാഷ്ബുക്ക്, പർച്ചെയ്സ് ബുക്ക്, സെയിൽസ് ബുക്ക്, സെയിൽസ് റിട്ടേൺസ് ബുക്ക്, പർച്ചെയ്സ് റിട്ടേൺസ് ബുക്ക്, ബിൽസ് റിസീവബിൾ ബുക്ക്, ബിൽസ് പേയബിൾ ബുക്ക്, ജേർണൽ പ്രോപ്പർ എന്നിവയെല്ലാം പ്രത്യേക ജേർണലുകളാണ്. ജേർണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതും, അവയെ ലെഡ്ജർ അക്കൗണ്ടുകളിലേക്ക് പതിക്കുന്നതുമാണ് ഈ പാഠഭാഗത്ത് നമ്മൾ പഠിക്കുന്നത്. ഇടപാടുകൾ തരം തിരിച്ച് പ്രത്യേക ജേർണലുകളിൽ രേഖപ്പെടുത്തുന്നത് അടുത്ത അധ്യായത്തിലാണ് ചർച്ച ചെയ്യുന്നത്.

#### *3.4.1 ജേർണൽ/നാൾവഴി (Journal)*

ബിസിനസ്സ് ഇടപാടുകൾ ആദ്യമായി രേഖപ്പെടുത്തുന്ന ബുക്കിനെയാണ് ജേർണൽ എന്നു വിളിക്കുന്നത്. ദിവസക്രമത്തിലാണ് ഇതിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നത്. ഉറവിട രേഖകൾ നോക്കിയാണ് ജേർണലിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഇവിടെ നിന്നും ഇടപാടുകളെ പിന്നീട് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് മാറ്റി എഴുതുന്നു. ഒരോ ഇടപാടിനെയും വിശകലനം ചെയ്ത് അതിൽ ഉൾപ്പെട്ടിരിക്കുന്ന ഡെബിറ്റ്, ക്രെഡിറ്റ് അക്കൗണ്ടുകൾ തിരിച്ചറിഞ്ഞു വേണം ജേർണലിൽ രേഖപ്പെടുത്താൻ. ഒരു ജേർണലിന്റെ മാതൃകാ രൂപം ചിത്രം 3.5 ൽ കൊടുത്തിരിക്കുന്നു:

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ്. | ഡെബിറ്റ് (₹) | ക്രെഡിറ്റ് (₹) |
|---|---|---|---|---|
| | | | | |

ചിത്രം 3.5 : *ജേർണലിന്റെ മാതൃക*

### 3.4.2 ജേർണലിന്റെ ഭാഗങ്ങൾ (Parts of Journal)

**1. തീയതി (Date)**

ഇടപാട് നടന്ന തീയതിയാണ് ഈ നിരയിൽ എഴുതേണ്ടത്. ഉറവിടരേഖ നോക്കിയാൽ ഇടപാട് നടന്ന ദിവസം മനസ്സിലാക്കാം. ദിവസം, മാസം, വർഷം എന്നിവ തീയതിയിൽ ഉൾപ്പെടുത്തണം.

**2. വിശദാംശങ്ങൾ (Particulars)**

ഇടപാടിന്റെ ഡെബിറ്റ്, ക്രെഡിറ്റ് അക്കൗണ്ടുകളുടെ പേരാണ് വിശദാംശമായി നൽകേണ്ടത്. ഒന്നാമത്തെ വരിയിൽ ഇടതു വശം ചേർന്ന്, ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ടിന്റെ പേര് എഴുതുന്നു. അക്കൗണ്ട് ഡെബിറ്റ് ചെയ്തിരിക്കുന്നു എന്നതിന്റെ സൂചനയായി ഇതേവരിയിൽ വലതുവശം ചേർന്ന് 'Dr.' എന്ന് എഴുതുന്നു. രണ്ടാമത്തെ വരിയിൽ കുറച്ച് അകലം നൽകി, ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ടിന്റെ പേര് 'To' എന്ന മുൻകുറിപ്പോടെ എഴുതുന്നു.

**3. വിവരണം നൽകൽ (Narration)**

ഡെബിറ്റ്, ക്രെഡിറ്റ് അക്കൗണ്ടുകളുടെ പേര് എഴുതിയതിന് ശേഷം, വിശദാംശങ്ങളുടെ നിരയിൽ, ഇടപാടിന്റെ ലഘു വിശദീകരണം നൽകണം. ഇതിനെയാണ് 'വിവരണം നൽകൽ' (Narration) എന്നു പറയുന്നത്. ഈ വിവരണം ബ്രാക്കറ്റിനുള്ളിലാണ് നൽകുന്നത്. തുടർന്ന്, പ്രസ്തുത ഇടപാടിന്റെ രേഖപ്പെടുത്തൽ പൂർത്തീകരിച്ചതിന്റെ സൂചനയായി വിശദാംശങ്ങളുടെ നിരയിൽ മാത്രം ഒരു നേർരേഖ വരയ്ക്കുന്നു.

**4. ലെഡ്ജർ പേജ് (Ledger Folio)**

ലെഡ്ജർ ബുക്കിൽ ഇടപാട് പകർത്തിയെഴുതുന്ന അക്കൗണ്ടിന്റെ പേജിന്റെ നമ്പറാണ് ഈ നിരയിൽ എഴുതേണ്ടത്. ജേർണലിൽ നിന്ന് ലെഡ്ജറിലേക്ക് ഇടപാടുകൾ പകർത്തി എഴുതുന്ന സമയത്താണ് ഈ കോളം പൂരിപ്പിക്കുന്നത്. എൽ.എഫ് (LF) എന്ന ചുരുക്കപ്പേരിലാണ് ഈ നിര അറിയപ്പെടുന്നത്.

**5. ഡെബിറ്റ്, ക്രെഡിറ്റ് തുകകൾ (Debit & Credit Amounts)**

ഡെബിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ടിന്റെയും, ക്രെഡിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ടിന്റെയും തുകകളാണ് ഈ കോളങ്ങളിൽ രേഖപ്പെടുത്തുന്നത്. ഒരു ഡെബിറ്റും, ഒരു ക്രെഡിറ്റും മാത്രമുള്ള ഇടപാടുകളിൽ രണ്ട് കോളങ്ങളിലും എഴുതുന്ന തുക ഒന്നുതന്നെ ആയിരിക്കും.

## 3.4 ലളിത, സംയുക്ത ജേർണൽ രേഖപ്പെടുത്തലുകൾ (Simple and Compound Journal Entries)

ഒരു ഡെബിറ്റ് ഇനവും, ഒരു ക്രെഡിറ്റ് ഇനവും മാത്രമുള്ള ജേർണൽ രേഖപ്പെടുത്തലുകളെയാണ് ലളിത ജേർണൽ എൻട്രികൾ എന്നറിയപ്പെടുന്നത്. എന്നാൽ, ചില ഇടപാടുകൾ രേഖപ്പെടുത്താൻ ഒന്നിലധികം ഡെബിറ്റുകളോ ക്രെഡിറ്റുകളോ ആവശ്യമായി വരും. ഇത്തരം ഒന്നിലധികം ഡെബിറ്റ്/ക്രെഡിറ്റ് അക്കൗണ്ടുകൾ ഉൾപ്പെടുന്നവയാണ് സംയുക്ത ജേർണൽ എൻട്രികൾ.

ഉദാഹരണമായി, ഗോവിന്ദ് ട്രേഡേഴ്സിൽ നിന്നും 24.12.2017 ന് ₹30,000 യുടെ സാധനങ്ങൾ കടമായി വാങ്ങി. ഈ ഇടപാടിൽ, സാധനങ്ങൾ വാങ്ങിയ വകയിലുള്ള ചെലവും (പർച്ചേയ്സ്), ക്രെഡിറ്റേഴ്സ് എന്ന ബാധ്യതയും വർധിക്കുന്നു. ഈ ഇടപാട് ജേർണലിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക:

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ്. | ഡെബിറ്റ് (₹) | ക്രെഡിറ്റ് (₹) |
|---|---|---|---|---|---|
| *2017* | | | | | |
| ഡിസ. 24 | പർച്ചേയ്സ് അക്കൗണ്ട് | Dr. | | 30,000 | |
| | To ഗോവിന്ദ് ട്രേഡേഴ്സ് അക്കൗണ്ട് | | | | 30,000 |
| | (സാധനങ്ങൾ കടമായി വാങ്ങി) | | | | |

സാധനങ്ങളുടെ (Goods) ഒരു അക്കൗണ്ടിന് പകരമായി, വാങ്ങുന്ന സാധനങ്ങൾ പർച്ചേയ്സ് (Purchase) അക്കൗണ്ടിലും, വിൽക്കുന്ന സാധനങ്ങൾ സെയിൽസ് (Sales) അക്കൗണ്ടിലും, വാങ്ങിയ സാധനങ്ങളുടെ തിരിച്ചു നൽകൽ ക്രയമടക്ക (Purchase Return) അക്കൗണ്ടിലും, വിറ്റ സാധനങ്ങളുടെ തിരിച്ചുവരവ് വിൽപ്പനമടക്ക (Sales Return) അക്കൗണ്ടിലും, നീക്കിയിരിപ്പ്ചരക്കുകൾ സ്റ്റോക്ക് (Stock) അക്കൗണ്ടിലുമാണ് കാണിക്കാറുള്ളത്. മറ്റൊരു ഉദാഹരണം ശ്രദ്ധിക്കുക, മോഡേൺ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 4.7.2017 ന് ₹25,000 യുടെ ഫർണിച്ചർ വാങ്ങി ₹5000 രൊക്കം പണം നൽകി. ഇവിടെ ₹25,000 യുടെ ഫർണിച്ചർ എന്ന ആസ്തി വർധിക്കുന്നു. അതോടൊപ്പം ₹5,000 യുടെ പണം കുറയുകയും, ₹20,000 യുടെ ക്രെഡിറ്റേഴ്സ് എന്ന ബാധ്യത വർധിക്കുകയും ചെയ്തു. ഈ ഇടപാടിന്റെ സംയുക്ത ജേർണൽ എൻട്രി താഴെ കാണിച്ചിരിക്കുന്നു:

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ്. | ഡെബിറ്റ് (₹) | ക്രെഡിറ്റ് (₹) |
|---|---|---|---|---|---|
| *2017* | | | | | |
| ജൂലൈ04 | ഫർണിച്ചർ അക്കൗണ്ട് | Dr. | | 25,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 5,000 |
| | To മോഡേൺ ഫർണിച്ചർ അക്കൗണ്ട് | | | | 20,000 |
| | (ഫർണിച്ചർ വാങ്ങി ഭാഗികമായി പണം നൽകി) | | | | |

**ഉദാഹരണം:** 1 ൽ നൽകിയിരുന്ന ഇടപാടുകൾ ഇവയാണ്:

1. രോഹിത് ₹5,00,000 മൂലധനവുമായി (ക്യാപ്പിറ്റൽ) ബിസിനസ്സ് ആരംഭിച്ചു.
2. ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ₹4,80,000 നിക്ഷേപിച്ച് ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.
3. ഫർണിച്ചർ വാങ്ങി, വിലയായി ₹60,000 യുടെ ചെക്ക് നൽകി.
4. ബിസിനസ്സിലേക്ക് ₹1,25,000 യുടെ മെഷിനറികൾ റമീസിൽ നിന്നും വാങ്ങുകയും, ₹10,000 റൊക്കം പണമായി നൽകുകയും ചെയ്തു.
5. സുമിത്ട്രേഡേഴ്സിൽ നിന്നും ₹55,000 യുടെ സാധനങ്ങൾ കടമായി വാങ്ങി (പർച്ചേയ്സ്).
6. രജനി എന്റർപ്രൈസസിന് ₹25,000 വിലയുള്ള സാധനങ്ങൾ ₹35,000 യ്ക്ക് കടമായി വിറ്റു (സെയിൽസ്).

ഈ ഇടപാടുകൾ ജേർണലിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക:

**രോഹിതിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ്. | ഡെബിറ്റ് (₹) | ക്രെഡിറ്റ് (₹) |
|---|---|---|---|---|---|
| 1. | ക്യാഷ് അക്കൗണ്ട് | Dr. | | 5,00,000 | |
| | To ക്യാപിറ്റൽ അക്കൗണ്ട് | | | | 5,00,000 |
| | (ബിസിനസ്സ് ആരംഭിച്ചു) | | | | |
| 2. | ബാങ്ക് അക്കൗണ്ട് | Dr. | | 4,80,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 4,80,000 |
| | (ബാങ്ക് അക്കൗണ്ട് ആരംഭിച്ചു) | | | | |
| 3. | ഫർണിച്ചർ അക്കൗണ്ട് | Dr. | | 60,000 | |
| | To ബാങ്ക് അക്കൗണ്ട് | | | | 60,000 |
| | (ചെക്ക് നൽകി ഫർണിച്ചർ വാങ്ങി) | | | | |

| | | | | |
|---|---|---|---|---|
| 4 | മെഷിനറി അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>To റമീസ് അക്കൗണ്ട്<br>(മെഷിനറി വാങ്ങി ഭാഗികമായി പണം നൽകി) | | 1,25,000 | <br>10,000<br>1,15,000 |
| 5 | പർച്ചെയ്സ് അക്കൗണ്ട് Dr.<br>To സുമിത് ട്രേഡേഴ്സ് അക്കൗണ്ട്<br>(സാധനങ്ങൾ കടമായി വാങ്ങി) | | 55,000 | <br>55,000 |
| 6 | രജനി എന്റർപ്രൈസസ് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(സാധനങ്ങൾ കടത്തിന് വിറ്റു) | | 35,000 | <br>35,000 |
| | **ആകെ** | | **12,55,000** | **12,55,000** |

**നിർദ്ധാരണം : 2**

സൂരജ്മാർട്ട് എന്ന ബിസിനസ്സ് സ്ഥാപനത്തിന്റെ 2017 ഏപ്രിൽ മാസത്തെ ഇടപാടുകൾ താഴെ നൽകിയിരിക്കുന്നു.

| *തീയതി* | *വിശദവിവരങ്ങൾ* |
|---|---|
| 1.4.2017 | ₹ 1,50,000 യുമായി ബിസിനസ്സ് ആരംഭിച്ചു. |
| 1.4.2017 | മനിഷയിൽ നിന്നും ₹36,000 യുടെ സാധനങ്ങൾ വാങ്ങി. |
| 1.4.2017 | ₹2,200 യുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങി. |
| 2.4.2017 | ₹35,000 നിക്ഷേപം നൽകി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. |
| 2.4.2017 | ₹16,000 യുടെ സാധനങ്ങൾ പ്രിയയ്ക്ക് വിറ്റു. |
| 3.4.2017 | പ്രിയയിൽ നിന്നു ലഭിച്ച ₹16,000 യുടെ ചെക്ക് ബാങ്കിൽ നൽകി. |
| 5.4.2017 | നിധിന് ₹14,000 യുടെ സാധനങ്ങൾ വിറ്റു. |
| 08.4.2017 | നിധിനിൽ നിന്ന് ₹14,000 ലഭിച്ചു. |
| 10.4.2017 | റീത്തയിൽ നിന്ന് ₹20,000 യുടെ സാധനങ്ങൾ കടമായി വാങ്ങി. |
| 14.4.2017 | ഇൻഷുറൻസ് പ്രീമിയം ₹6,000 ചെക്കിലൂടെ നൽകി. |
| 18.4.2017 | ₹2,000 വാടക (റെന്റ്) നൽകി. |
| 20.4.2017 | ₹1,500 യുടെ സാധനങ്ങൾ അനാഥമന്ദിരത്തിന് ദാനമായി (ചാരിറ്റി) നൽകി. |
| 24.4.2017 | ഓഫീസിലേക്ക് ₹11,200 യുടെ ഫർണിച്ചർ വാങ്ങി. |
| 29.4.2017 | സ്വകാര്യാവശ്യങ്ങൾക്ക് ₹5,000 ബിസിനസ്സിൽ നിന്ന് എടുത്തു (ഡ്രോയിംഗ്സ്). |
| 30.4.2017 | പലിശ (ഇന്ററസ്റ്റ്) പണമായി ലഭിച്ചത് ₹1,200. |
| 30.4.2017 | രൊക്കം പണത്തിനുള്ള വിൽപ്പന ₹2,300. |

| | |
|---|---|
| 30.4.2017 | കമ്മീഷൻ ₹3,000 ചെക്കിലൂടെ നൽകി. |
| 30.4.2017 | ടെലിഫോൺ ബിൽ ₹2,000 ചെക്കിലൂടെ നൽകി. |
| 30.4.2017 | ₹12,000 ശമ്പളം (സാലറി) നൽകി. |

ഇടപാടുകളുടെ ജേർണൽ തയാറാക്കുക.

**ഉത്തരം:**

**സുരജ് മാർട്ടിന്റെ ബുക്ക്**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ്. | ഡെബിറ്റ് ₹ | ക്രെഡിറ്റ് ₹ |
|---|---|---|---|---|
| *2017* | | | | |
| ഏപ്രിൽ 01 | ക്യാഷ് അക്കൗണ്ട് Dr. | | 1,50,000 | |
| | To ക്യാപ്പിറ്റൽ അക്കൗണ്ട് | | | 1,50,000 |
| | (ബിസിനസ്സ് ആരംഭിച്ചു) | | | |
| 01 | പർച്ചേയ്സ് അക്കൗണ്ട് Dr. | | 36,000 | |
| | To മനിഷ അക്കൗണ്ട് | | | 36,000 |
| | (സാധനങ്ങൾ കടമായി വാങ്ങി) | | | |
| 01 | സ്റ്റേഷനറി അക്കൗണ്ട് Dr. | | 2,200 | |
| | To ക്യാഷ് അക്കൗണ്ട് | | | 2,200 |
| | (സ്റ്റേഷനറി സാധനങ്ങൾ വാങ്ങി) | | | |
| 02 | ബാങ്ക് അക്കൗണ്ട് Dr. | | 35,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 35,000 |
| | (ബാങ്ക് അക്കൗണ്ട് ആരംഭിച്ചു) | | | |
| 02 | പ്രിയ അക്കൗണ്ട് Dr. | | 16,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 16,000 |
| | (സാധനങ്ങൾ കടമായിവിറ്റു) | | | |
| 03 | ബാങ്ക് അക്കൗണ്ട് Dr. | | 16,000 | |
| | To പ്രിയ അക്കൗണ്ട് | | | 16,000 |
| | (പ്രിയയിൽ നിന്നു ലഭിച്ച ചെക്ക് ബാങ്കിൽ നൽകി) | | | |
| 05 | നിധിൻ അക്കൗണ്ട് Dr. | | 14,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 14,000 |
| | (സാധനങ്ങൾ കടമായി വിറ്റു) | | | |

| | | | | |
|---|---|---|---|---|
| 08 | ക്യാഷ് അക്കൗണ്ട് Dr.<br>To നിധിൻ അക്കൗണ്ട്<br>(നിധിനിൽ നിന്ന് പണം ലഭിച്ചു) | | 14,000 | <br>14,000 |
| 10 | പർച്ചേയ്സ് അക്കൗണ്ട് Dr.<br>To റീത്ത അക്കൗണ്ട്<br>(സാധനങ്ങൾ കടമായി വാങ്ങി) | | 20,000 | <br>20,000 |
| 14 | ഇൻഷുറൻസ് പ്രീമിയം അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഇൻഷുറൻസ് പ്രീമിയം ചെക്കിലൂടെ നൽകി) | | 6,000 | <br>6,000 |
| 18 | റെന്റ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(വാടക നൽകി) | | 2,000 | <br>2,000 |
| 20 | ചാരിറ്റി അക്കൗണ്ട് Dr.<br>To പർച്ചേയ്സ് അക്കൗണ്ട്<br>(സാധനങ്ങൾ അനാഥമന്ദിരത്തിന് ദാനമായി നൽകി) | | 1,500 | <br>1,500 |
| 24 | ഫർണിച്ചർ അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങി) | | 11,200 | <br>11,200 |
| 29 | ഡ്രോയിംഗ്സ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(സ്വകാര്യ ആവശ്യങ്ങൾക്ക് ബിസിനസ്സിൽ നിന്ന് പണം എടുത്തു) | | 5,000 | <br>5,000 |
| 30 | ക്യാഷ് അക്കൗണ്ട് Dr.<br>To ഇന്ററസ്റ്റ് റിസീവ്ഡ് അക്കൗണ്ട്<br>(പലിശ പണമായി ലഭിച്ചത്) | | 1,200 | <br>1,200 |
| 30 | ക്യാഷ് അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(രൊക്കം പണത്തിനുള്ള വിൽപ്പന) | | 2,300 | <br>2,300 |

| | | | | |
|---|---|---|---|---|
| 30 | കമ്മീഷൻ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(കമ്മീഷൻ ചെക്കിലൂടെ നൽകി) | | 3,000 | <br>3,000 |
| 30 | ടെലിഫോൺ ചാർജ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ടെലിഫോൺബിൽ ചെക്കിലൂടെ നൽകി) | | 2,000 | <br>2,000 |
| 30 | സാലറി അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(ശമ്പളം നൽകി) | | 12,000 | <br>12,000 |
| | **ആകെ** | | **3,49,400** | **3,49,400** |

നിർദ്ധാരണം: 3

ചുവടെ നൽകിയിട്ടുള്ള ഇടപാടുകൾ സീതാറാമിന്റെ ജേർണലിൽ രേഖപ്പെടുത്തുക. ഇവ അക്കൗണ്ടിംഗ് സമവാക്യം പൂർത്തീകരിക്കുന്നുവെന്ന് ഒരു വിശകലനപ്പട്ടിക തയാറാക്കി തെളിയിക്കുക.

(i) ₹ 6,00,000 യുമായി ബിസിനസ്സ് ആരംഭിച്ചു.

(ii) ₹ 4,50,000 നിക്ഷേപിച്ച് ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

(iii) ₹ 2,30,000 യുടെ മെഷിനറി വാങ്ങി, ₹ 30,000 രൊക്കം നൽകി.

(iv) ₹ 40,000 രൊക്കം പണം നൽകിയും, ₹ 45,000 കടമായും സാധനങ്ങൾ വാങ്ങി.

(v) ₹ 2, 00,000 യുടെ ചെക്ക് മെഷിനറി നൽകിയവർക്ക് കൊടുത്തു.

(vi) ₹ 50,000 യുടെ സാധനങ്ങൾ ₹ 70,000 യ്ക്ക് വിറ്റു.

(vii) സ്വകാര്യാവശ്യങ്ങൾക്ക് ₹ 35,000 ബിസിനസ്സിൽ നിന്ന് എടുത്തു (ഡ്രോയിംഗ്സ്).

(viii) ഇൻഷുറൻസ് പ്രീമിയം ₹ 2,500 ചെക്കായി നൽകി.

(ix) ശമ്പളം ₹ 5,500 കുടിശ്ശികയുണ്ട്.

(x) ₹ 30,000 യുടെ ഫർണിച്ചർ വാങ്ങി.

**ഉത്തരം:**

## സീതാറാമിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | എൽ. എഫ്. | ഡെബിറ്റ് ₹ | ക്രെഡിറ്റ് ₹ |
|---|---|---|---|---|
| (i) | ക്യാഷ് അക്കൗണ്ട് Dr. | | 6,00,000 | |
| | To ക്യാപിറ്റൽ അക്കൗണ്ട് | | | 6,00,000 |
| | (ബിസിനസ്സ് ആരംഭിച്ചു) | | | |
| (ii) | ബാങ്ക് അക്കൗണ്ട് Dr. | | 4,50,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 4,50,000 |
| | (ബാങ്ക് അക്കൗണ്ട് ആരംഭിച്ചു) | | | |
| (iii) | മെഷിനറി അക്കൗണ്ട് Dr. | | 2,30,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 30,000 |
| | To ക്രെഡിറ്റേഴ്സ് അക്കൗണ്ട് | | | 2,00,000 |
| | (മെഷിനറി വാങ്ങി ഭാഗികമായി പണം നൽകി) | | | |
| (iv) | പർച്ചേയ്സ് അക്കൗണ്ട് Dr. | | 85,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 40,000 |
| | To ക്രെഡിറ്റേഴ്സ് അക്കൗണ്ട് | | | 45,000 |
| | (രൊക്കം പണം നൽകിയും, കടമായും സാധനങ്ങൾ വാങ്ങി) | | | |
| (v) | ക്രെഡിറ്റേഴ്സ് അക്കൗണ്ട് Dr. | | 2,00,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 2,00,000 |
| | (മെഷിനറി നൽകിയവർക്ക് ചെക്ക് കൊടുത്തു) | | | |
| (vi) | ക്യാഷ് അക്കൗണ്ട് Dr. | | 70,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 70,000 |
| | (രൊക്കം പണത്തിനുള്ള വിൽപ്പന) | | | |
| (vii) | ഡ്രോയിംഗ്സ് അക്കൗണ്ട് Dr. | | 35,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 35,000 |
| | (സ്വകാര്യ ആവശ്യങ്ങൾക്ക് ബിസിനസ്സിൽ നിന്ന് പണം എടുത്തു) | | | |

| | | | | |
|---|---|---|---|---|
| (viii) | ഇഷ്വുറൻസ് പ്രീമിയം അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(ഇഷ്വുറൻസ്പ്രീമിയം ചെക്കിലൂടെ നൽകി) | | 2,500 | <br>2,500 |
| (ix) | സാലറി അക്കൗണ്ട് Dr.<br>To സാലറി ഔട്ട്സ്റ്റാന്റിംഗ് അക്കൗണ്ട്<br>(ശമ്പളം കുടിശ്ശികയുണ്ട്) | | 5,500 | <br>5,500 |
| (x) | ഫർണിച്ചർ അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങി) | | 30,000 | <br>30,000 |
| | **ആകെ** | | **17,08,000** | **17,08,000** |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - II**

താഴെ തന്നിട്ടുള്ള ബിസിനസ്സ് ഇടപാടുകൾ വിശകലനം ചെയ്ത് നൽകിയിരിക്കുന്ന പട്ടികയിൽ ക്രമീകരിക്കുക.

1. ഭാനു ₹ 1,00,000 പണമായി ബിസിനസ് ആരംഭിച്ചു
2. രമേശിൽ നിന്നും ₹ 40,000 ന് സാധനങ്ങൾ കടമായി വാങ്ങി.
3. റൊക്കം പണത്തിന് സാധനങ്ങൾ വിറ്റത് ₹ 30,000
4. ശമ്പളം നൽകിയത് ₹ 3,000
5. റൊക്കം പണത്തിന് ഫർണിച്ചർ വാങ്ങിയത് ₹ 10,000
6. ബാങ്കിൽ നിന്ന് വായ്പ എടുത്തത് ₹ 50,000
7. സരിതയ്ക്ക് സാധനങ്ങൾ വിറ്റത് ₹ 10,000
8. രമേശിന് നൽകാനുള്ള പണം കൊടുത്തത് ₹ 20,000
9. വാടക നൽകിയത് ₹ 1,500

| *ഇടപാട് നമ്പർ* | *ബാധിക്കുന്ന അക്കൗണ്ടുകൾ* | | *ഏതുതരം അക്കൗണ്ട് (ആസ്തി, ബാധ്യത, മൂലധനം വരുമാനം, ചെലവ്)* | | *അക്കൗണ്ടിനെ ബാധിക്കുന്നത് (കൂടുന്നു/കുറയുന്നു)* | |
|---|---|---|---|---|---|---|
| | 1 | 2 | 1 | 2 | 1 | 2 |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |

## അക്കൗണ്ടിംഗ് സമവാക്യ പട്ടിക

(സംഖ്യകൾ ₹)

| നമ്പർ | ക്യാഷ് | ബാങ്ക് | സ്റ്റോക്ക് | ഫർണീച്ചർ | മെഷിനറി | ആകെ | | വ്യാപാരേതര ക്രെഡിറ്റേഴ്സ് | വ്യാപാര ക്രെഡിറ്റേഴ്സ് | മൂലധനം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 6,00,000 | | | | | 6,00,000 | – | | | 6,00,000 | 6,00,000 |
| | 6,00,000 | - | - | - | - | 6,00,000 | – | - | - | 6,00,000 | 6,00,000 |
| 2 | (4,50,000) | 4,50,000 | | | | | | | | | |
| | 1,50,000 | 4,50,000 | -- | -- | - | 6,00,000 | – | - | - | 6,00,000 | 6,00,000 |
| 3 | (30,000) | - | - | - | 2,30,000 | 2,00,000 | | 2,00,000 | - | - | 2,00,000 |
| | 1,20,000 | 4,50,000 | - | - | 2,30,000 | 8,00,000 | – | 2,00,000 | - | 600,000 | 8,00,000 |
| 4 | (40,000) | - | 85,000 | - | - | 45,000 | | - | 45,000 | - | 45,000 |
| | 80,000 | 4,50,000 | 85,000 | - | 2,30,000 | 8,45,000 | – | 2,00,000 | 45,000 | 600,000 | 8,45,000 |
| 5 | - | (2,00,000) | - | - | - | (2,00,000) | | (2,00,000) | - | - | (2,00,000) |
| | 80,000 | 2,50,000 | 85,000 | - | 2,30,000 | 6,45,000 | – | - | 45,000 | 6,00,000 | 6,45,000 |
| 6 | 70,000 | - | (50,000) | - | - | 20,000 | | - | - | 20,000 | 20,000 |
| | 1,50,000 | 2,50,000 | 35,000 | - | 2,30,000 | 6,65,000 | – | - | 45,000 | 6,20,000 | 6,65,000 |
| 7 | (35,000) | - | - | | | (35,000) | | | | (35,000) | (35,000) |
| | 1,15,000 | 2,50,000 | 35,000 | - | 2,30,000 | 6,30,000 | – | - | 45,000 | 5,85,000 | 6,30,000 |
| 8 | | (2,500) | | | | (2,500) | | | | (2,500) | (2,500) |
| | 1,15,000 | 2,47,500 | 35,000 | - | 2,30,000 | 6,27,500 | – | - | 45,000 | 5,82,500 | 6,27,500 |
| 9 | | | | | | | | 5,500 | - | (5,500) | |
| | 1,15,000 | 2,47,500 | 35,000 | - | 2,30,000 | 6,27,500 | – | 5,500 | 45,000 | 5,77,000 | 6,27,500 |
| 10 | (30,000) | - | - | 30,000 | - | - | | - | - | - | |
| | 85,000 | 2,47,500 | 35,000 | 30,000 | 2,30,000 | 6,27,500 | – | 5,500 | 45,000 | 5,77,000 | 6,27,500 |

**ചരക്കു സേവന നികുതിയുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് ഇടപാടുകൾ (Accounting entries under Goods and Service Tax)**

**നിർദ്ധാരണം: 4**

ഡൽഹിയിൽ നടന്ന ഇടപാടുകൾക്ക് സി.ജി.എസ്.ടി 5% ഉം എസ്സ്.ജി.എസ്സ്.ടി 5% നിരക്കിൽ ആണെന്ന സങ്കൽപത്തിൽ താഴെ തന്നിരിക്കുന്ന ജേർണലിൽ രേഖപ്പെടുത്തുക.

i) ഷീബ ₹ 1,00,000/- യുടെ സാധനങ്ങൾ കടമായി വാങ്ങി

ii) അവൾ ഡൽഹിയിൽ തന്നെ ഇവ ₹ 1,35,000/- ത്തിന് വിറ്റു.

iii) റയിൽവേ യാത്രാക്കൂലി നൽകിയത് ₹ 8,000/-

iv) കമ്പ്യൂട്ടർ പ്രിന്റർ വാങ്ങിയത് ₹ 10,000/-

v) പോസ്റ്റൽ ചാർജ് നൽകിയത് ₹ 2,000/-

**ഉത്തരം:**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ്. | ഡെബിറ്റ് ₹ | ക്രെഡിറ്റ് ₹ |
|---|---|---|---|---|
| (i) | പർച്ചേയ്സസ് അക്കൗണ്ട് Dr | | 1,00,000 | |
| | ഇൻപുട്ട് സി.ജി.എസ്.ടി അക്കൗണ്ട് Dr | | 5,000 | |
| | ഇൻപുട്ട് എസ്.ജി.എസ്സ്.ടി അക്കൗണ്ട് Dr | | 5,000 | |
| | To ക്രെഡിറ്റേഴ്സ് | | | 1,10,000 |
| | (സാധനങ്ങൾ കടത്തിനു വാങ്ങി) | | | |
| (ii) | ഡെബ്റ്റേഴ്സ് അക്കൗണ്ട് Dr. | | 1,48,500 | |
| | To സെയിൽസ് അക്കൗണ്ട് | | | 1, 35,000 |
| | To ഔട്ട്പുട്ട് സി.ജി.എസ്സ്.ടി അക്കൗണ്ട് | | | 6, 750 |
| | To ഔട്ട്പുട്ട് എസ്സ്.സി.ജി.എസ്സ്.ടി അക്കൗണ്ട് | | | 6, 750 |
| | (സാധനങ്ങൾ കടത്തിനു വിറ്റു) | | | |
| (iii) | ട്രാൻസ്പോർട്ട് ചാർജസ് അക്കൗണ്ട് Dr. | | 3,000 | |
| | ഇൻപുട്ട് സി.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 400 | |
| | ഇൻപുട്ട് എസ്സ്.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 400 | |
| | To ബാങ്ക് അക്കൗണ്ട് | | | 8, 800 |
| | (ട്രാൻസ്പോർട്ട് ചാർജ്ജ് കൊടുത്തു) | | | |

| | | | | |
|---|---|---|---|---|
| (iv) | കമ്പ്യൂട്ടർ പ്രിന്റർ അക്കൗണ്ട് Dr. | | 10,000 | |
| | ഇൻപുട്ട് എസ്സ്.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 500 | |
| | ഇൻപുട്ട് എസ്സ്.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 500 | |
| | To ബാങ്ക് അക്കൗണ്ട് | | | 11,000 |
| | (കമ്പ്യൂട്ടർ പ്രിന്റർ വാങ്ങി) | | | |
| (v) | പോസ്റ്റൽ ചാർജസ് അക്കൗണ്ട് Dr. | | 2,000 | |
| | ഇൻപുട്ട് സി.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 100 | |
| | ഇൻപുട്ട് എസ്.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 100 | |
| | To ബാങ്ക് അക്കൗണ്ട് | | | 2,200 |
| | (പോസ്റ്റർ ചാർജ്ജ് നൽകി) | | | |
| (vi) | ഔട്ട്പുട്ട് സി.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 6,750[3] | |
| | ഔട്ട്പുട്ട് എസ്.ജി.എസ്സ്.ടി അക്കൗണ്ട് Dr. | | 6,750[4] | |
| | To ഇൻപുട്ട് സി.ജി.എസ്സ്.ടി അക്കൗണ്ട് | | | 6,000[1] |
| | To ഇൻപുട്ട് എസ്.ജി.എസ്സ്.ടി അക്കൗണ്ട് | | | 6,000[2] |
| | To ഇലക്ട്രോണിക് ക്യാഷ് ലഡ്ജർ അക്കൗണ്ട് | | | 1,500 |
| | (ജി.എസ്.ടി. സമതുലനം ചെയ്ത് ബാക്കി തുക അടച്ചു) | | | |

**പ്രവർത്തന കുറിപ്പ് :**

ആകെ ഇൻപുട്ട് സി.ജി.എസ്.ടി. = ₹ 5, 000+₹ 400+₹ 500+₹ 100 = ₹ 6,000[1]

ആകെ ഇൻപുട്ട് എസ്.സി.ജി.എസ്.ടി. = ₹ 5, 000+₹ 400+₹ 500+₹ 100 = ₹ 6,000[2]

ആകെ ഔട്ട്പുട്ട് സി.ജി.എസ്.ടി. = ₹ 6, 750[3]

ആകെ ഔട്ട്പുട്ട് എസ്.ജി.എസ്.ടി. = ₹ 6, 750[4]

മിച്ച സി.ജി.എസ്.ടി. നൽകാനുള്ളത് = ₹ 6, 750 - ₹ 6,000 = ₹ 750

മിച്ച എസ്.ജി.എസ്.ടി. നൽകാനുള്ളത് = ₹ 6, 750 - ₹ 6,000 = ₹ 750

**നിർദ്ധാരണം: 5**

താഴെ തന്നിരിക്കുന്ന ഇടപാടുകൾ ബീഹാറിലുള്ള സോമന്റെ ബുക്കിൽ 9% നിരക്കിൽ സി.ജി.എസ്സ്.ടി. യും 9% നിരക്കിൽ എസ്സ്.ജി.എസ്സ്.ടി. യും ആണെന്ന ധാരണയിൽ ജേർണ ലിലെഴുതുക.

a) 3,50,000 രൂപയുടെ സാധനങ്ങൾ ജാർഖണ്ഡിൽ നിന്ന് വാങ്ങി.

b) ഉത്തർപ്രദേശിലേക്ക് 2,00,000 രൂപയുടെ സാധനങ്ങൾ വിറ്റു.

c) പ്രാദേശികമായി ₹ 4,00,000 ന് സാധനങ്ങൾ വിറ്റു.

d) ഇൻഷുറൻസ് പ്രീമിയം അടച്ചു ₹ 30,000.

e) ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങി ₹ 50,000.

**ഉത്തരം**

**ജേർണൽ**

| തീയതി | വിശദാംശങ്ങൾ | എൽ. എഫ്. | ഡെബിറ്റ് ₹ | ക്രെഡിറ്റ് ₹ |
|---|---|---|---|---|
| (a) | പർച്ചേയ്സസ് അക്കൗണ്ട് Dr. | | 3,50,000 | |
| | ഇൻപുട്ട് ഐ.ജി.എസ്.ടി. അക്കൗണ്ട് Dr. | | 63,000 | |
| | To ബാങ്ക് അക്കൗണ്ട് | | | 4,13,000 |
| | (സാധനങ്ങൾ വാങ്ങി) | | | |
| (b) | ബാങ്ക് അക്കൗണ്ട് Dr. | | 2,36,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 2,00,000 |
| | To ഔട്ട്പുട്ട് ഐ.ജി.എസ്സ്.ടി. അക്കൗണ്ട് | | | 36,000 |
| | (സംസഥാനത്തിനു പുറത്തേയ്ക്ക് സാധനങ്ങൾ വിറ്റു) | | | |
| (c) | ബാങ്ക് അക്കൗണ്ട് Dr. | | 4,72,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 4,00,000 |
| | To ഔട്ട്പുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് | | 36,000 | |
| | To ഔട്ട്പുട്ട് എസ്സ്.ജി.എസ്സ്.ടി. അക്കൗണ്ട് | | | 36,000 |
| | (പ്രാദേശികമായി സാധനങ്ങൾ വിറ്റു) | | | |

| | | | | |
|---|---|---|---|---|
| (d) | ഇൻഷുറൻസ് പ്രീമിയം അക്കൗണ്ട് Dr. | | 30,000 | |
| | ഇൻപുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 2,700 | |
| | ഇൻപുട്ട് എസ്സ്.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 2,700 | |
| | To ബാങ്ക് അക്കൗണ്ട് | | | 35,400 |
| | (ഇൻഷുറൻസ് പ്രീമിയം അടച്ചു) | | | |
| (e) | ഫർണിച്ചർ അക്കൗണ്ട് Dr. | | 50,000 | |
| | ഇൻപുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 4,500 | |
| | ഇൻപുട്ട് എസ്സ്.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 4,500 | |
| | To ബാങ്ക് അക്കൗണ്ട് | | | 59,000 |
| | (ഫർണിച്ചർ വാങ്ങി) | | | |
| (f) | ഔട്ട്പുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 34,200 | |
| | To ഇൻപുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് | | | 7, 200 |
| | To ഇൻപുട്ട് ഐ.ജി.എസ്സ്.ടി. അക്കൗണ്ട് | | | 27,000 |
| | (സി.ജി.എസ്സ്.ടി. ഔട്ട്പുട്ടുമായി സമതുലനപ്പെടുത്തി) | | | |
| (g) | ഔട്ട്പുട്ട് എസ്.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 7,200 | |
| | To ഇൻപുട്ട് എസ്.ജി.എസ്സ്.ടി. അക്കൗണ്ട് | | | 7, 200 |
| | (എസ്.ജി.എസ്സ്.ടി. ഔട്ട്പുട്ടുമായി സമതുലനപ്പെടുത്തി) | | | |
| (h) | ഔട്ട്പുട്ട് ഐ.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 36,000 | |
| | To ഇൻപുട്ട് ഐ.ജി.എസ്സ്.ടി. അക്കൗണ്ട് | | | 36,000 |
| | (ഐ.ജി.എസ്സ്.ടി. ഔട്ട്പുട്ടുമായി സമതുലനപ്പെടുത്തി) | | | |
| (i) | ഔട്ട്പുട്ട് സി.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 1,800 | |
| | ഔട്ട്പുട്ട് എസ്.ജി.എസ്സ്.ടി. അക്കൗണ്ട് Dr. | | 28,800 | |
| | To ഇലക്ട്രോണിക് ക്യാഷ് ലെഡ്ജർ അക്കൗണ്ട് | | | 30,600 |
| | (അന്തിമ നികുതി തുക അടച്ചു) | | | |

**പ്രവർത്ത കുറിപ്പ് :**

**കണക്കുകൂട്ടൽ പട്ടിക**

| വിശദാംശങ്ങൾ | സി.ജി.എസ്.ടി. | എസ്.ജി.എസ്.ടി. | ഐ.ജി.എസ്.ടി. |
|---|---|---|---|
| ഔട്ട്പുട്ട് ബാധ്യത | 36,000 | 36,000 | 36,000 |
| **കുറക്കുക:** | | | |
| ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് | | | |
| സി.ജി.എസ്.ടി. | 7,200 | | |
| എസ്.ജി.എസ്.ടി. | 7,200 | | |
| ഐ.ജി.എസ്.ടി. | 27,000 | 36,000 | |
| നൽകേണ്ടുന്ന തുക | 1,800 | 28,800 | ഇല്ല |

ഐ.ജി.എസ്.ടി. ക്രെഡിറ്റ് ആദ്യം ഐ.ജി.എസ്.ടി. യുമായി ഡെബിറ്റു തട്ടി കിഴിച്ചശേഷം മിച്ചം ഉണ്ടെങ്കിൽ സി.ജി.എസ്.ടി. യുമായി തട്ടികിഴിക്കണം. വീണ്ടും മിച്ചമുണ്ടെങ്കിൽ, പ്രസ്തുത തുക എസ്.ജി.എസ്.ടി. യുമായി ആണ് തട്ടികിഴിക്കേണ്ടത്.

## 3.5 ലെഡ്ജർ/പേരേട് (Ledger)

ജേർണലിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകൾ തരംതിരിച്ച് എഴുതുന്ന അക്കൗണ്ട് ബുക്കാണ് ലെഡ്ജർ. അതിനാൽ, ലെഡ്ജറിനെ 'ദ്വിതീയ രേഖപ്പെടുത്തൽ ബുക്ക്' (Book of Secondary Entry) എന്നു വിളിക്കുന്നു. വിവിധ അക്കൗണ്ടുകൾ ഉൾപ്പെടുന്നതാണ് ലെഡ്ജർ ബുക്ക്. ഓരോ അക്കൗണ്ടിനും നിശ്ചിത പേജുകൾ ലെഡ്ജറിൽ നൽകാറുണ്ട്. ലെഡ്ജറുകളെയാണ് ബിസിനസ്സിന്റെ 'പ്രമുഖ അക്കൗണ്ട് ബുക്കായി' പരിഗണിക്കുന്നത്.

ഒരു പ്രത്യേക അക്കൗണ്ടിനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരങ്ങൾ ലെഡ്ജറുകളിൽ നിന്നു മാത്രമേ ലഭിക്കുകയുള്ളൂ. ഉദാഹരണമായി, മാസാവസാനത്തിൽ ഒരു ഡെബ്റ്ററിൽ നിന്ന് ലഭിക്കാനുള്ള തുക എത്രയെന്ന് ജേർണലിൽ നിന്ന് കണ്ടുപിടിക്കുന്നത് ഏറെ ശ്രമകരമാണ്. എന്നാൽ ലെഡ്ജറിൽ ഇടപാടുകൾ തരം തിരിച്ച് രേഖപ്പെടുത്തുന്നതിനാൽ ഇത്തരത്തിലുള്ള സംഗ്രഹിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാകുന്നു. പ്രത്യേക ഷീറ്റുകളിലോ, കാർഡുകളിലോ എഴുതി പിന്നീട് അവ ഒന്നിച്ചു ചേർത്തും ലെഡ്ജറുകൾ തയാറാക്കാറുണ്ട്.

ഒരു ലെഡ്ജറിന്റെ സാമാന്യരൂപം ചിത്രം 3.6 ൽ നൽകിയിരിക്കുന്നു:

**അക്കൗണ്ടിന്റെ പേര്**

**Dr.** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | | | | |

**ചിത്രം 3.6** : *ലെഡ്ജറിന്റെ മാതൃക*

ഒരു ലെഡ്ജർ അക്കൗണ്ടിന്റെ ഇടതുഭാഗത്തെ ഡെബിറ്റ് വശം (Debit Side) എന്നും, വലതുഭാഗത്തെ ക്രെഡിറ്റ് വശം (Credit Side) എന്നും പറയുന്നു. ഇരുവശങ്ങളെയും സൂചിപ്പിക്കാൻ യഥാക്രമം 'Dr' എന്നും, 'Cr' എന്നും അക്കൗണ്ടിന്റെ മുകൾ ഭാഗത്ത് എഴുതുന്നു. ഒരു ജേർണൽ എൻട്രി, രണ്ട് വ്യത്യസ്ത ലെഡ്ജർ അക്കൗണ്ടുകളിലേക്കെങ്കിലും പകർത്തി എഴുതണം. ആദ്യമായി, ഡെബിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ട് ഏതെന്നു നോക്കി, പ്രസ്തുത അക്കൗണ്ടിന്റെ ഇടതു വശത്ത് തീയതിക്കും, തുകയ്ക്കുമൊപ്പം ജേർണലിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ടിന്റെ പേര് എഴുതുന്നു. പിന്നീട്, ക്രെഡിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ട് നോക്കി പ്രസ്തുത അക്കൗണ്ടിന്റെ വലതു വശത്ത് തീയതിയും തുകയും നൽകി, ജേർണലിൽ ഡെബിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ടിന്റെ പേര് എഴുതുന്നു. അതുകൊണ്ടാണ് ഇടപാടുകൾ രേഖപ്പെടുത്തുന്ന ഈ രീതിയെ 'ഇരട്ടപ്പതിക്കൽ രീതി' (Double Entry System) എന്നു വിശേഷിപ്പിക്കുന്നത്.

ഒരു ജേർണൽ എൻട്രി ലെഡ്ജറിലേക്ക് പകർത്തിയെഴുതുന്നതിനെ 'പതിക്കൽ' (Posting) എന്നാണ് പറയുന്നത്. ഇടപാടുകൾ ലെഡ്ജറിലേക്ക് മാറ്റി എഴുതുമ്പോൾ, 'ജേർണൽ പേജ്' (Journal Folio - JF) കോളത്തിൽ ജേർണൽ ബുക്കിൽ പ്രസ്തുത ഇടപാട് രേഖപ്പെടുത്തിയിട്ടുള്ള പേജ് നമ്പർ കൂടി എഴുതേണ്ടതാണ്. ഇത് ഭാവിയിൽ കണക്ക് പരിശോധന നടത്തുന്നതിന് ഏറെ സഹായകരമാണ്.

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - III**

*ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:*

1. ജേർണലിലെ 'ലെഡ്ജർ പേജ് (LF)' കോളം എന്തിനാണ് ഉപയോഗിക്കുന്നത്:
   (a) ലെഡ്ജറിലേക്ക് പതിക്കുന്ന തീയതി എഴുതാൻ.
   (b) ബന്ധപ്പെട്ട ലെഡ്ജറിന്റെ ക്രമനമ്പർ എഴുതാൻ.
   (c) ലെഡ്ജറുകളിലേക്ക് തുക എത്ര തവണ എഴുതിയെന്ന് കാണിക്കാൻ.
   (d) ലെഡ്ജർ അക്കൗണ്ടിന്റെ പേജ് നമ്പർ എഴുതാൻ.
2. കടമായി ബിസിനസ്സ് സേവനങ്ങൾ നൽകിയത് ജേർണലിൽ രേഖപ്പെടുത്തുന്നത്:
   (a) ഡെബ്റ്റേഴ്സിനെ ഡെബിറ്റ് ചെയ്യുന്നു, മൂലധനം ക്രെഡിറ്റ് ചെയ്യുന്നു.
   (b) പണം ഡെബിറ്റ് ചെയ്യുന്നു, ഡെബ്റ്റേഴ്സിനെ ക്രെഡിറ്റ് ചെയ്യുന്നു.
   (c) ഫീസ് വരുമാനം ഡെബിറ്റ് ചെയ്യുന്നു, ഡെബ്റ്റേഴ്സിനെ ക്രെഡിറ്റ് ചെയ്യുന്നു.
   (d) ഡെബ്റ്റേഴ്സിനെ ഡെബിറ്റ് ചെയ്യുന്നു, ഫീസ് വരുമാനം ക്രെഡിറ്റ് ചെയ്യുന്നു.
3. ₹2,00,000 രൊക്കം പണം നൽകി, ബാക്കി ₹8,00,000 യ്ക്ക് 30 ദിവസത്തെ അവധിയിലും യന്ത്രസാമഗ്രികൾ വാങ്ങിയത് ജേർണലിൽ രേഖപ്പെടുത്തുന്നത്:
   (a) ₹2,00,000 യുടെ യന്ത്രസാമഗ്രികൾ ഡെബിറ്റു ചെയ്യുന്നു ₹2,00,000 യുടെ പണം ക്രെഡിറ്റു ചെയ്യുന്നു.
   (b) ₹10,00,000 യുടെ യന്ത്രസാമഗ്രികൾ ഡെബിറ്റു ചെയ്യുന്നു, ₹2,00,000 പണവും, ₹8,00,000 ക്രെഡിറ്റേഴ്സിലും ക്രെഡിറ്റ് ചെയ്യുന്നു.
   (c) ₹2,00,000 യുടെ യന്ത്രസാമഗ്രികൾ ഡെബിറ്റു ചെയ്യുന്നു, ₹8,00,000 ഡെബ്റ്റേഴ്സിൽ ക്രെഡിറ്റു ചെയ്യുന്നു.
   (d) ₹10,00,000 യുടെ യന്ത്രസാമഗ്രികൾ ഡെബിറ്റു ചെയ്യുന്നു, ₹10,00,000 യുടെ പണം ക്രെഡിറ്റു ചെയ്യുന്നു.

4. ജേർണലിൽ ഇടപാടുകൾ എഴുതുമ്പോൾ :
   - (a) ആസ്തികൾ ആദ്യം എഴുതുന്നു.
   - (b) ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ആദ്യം എഴുതുന്നു.
   - (c) ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് ആദ്യം എഴുതുന്നു.
   - (d) ഏത് ക്രമത്തിലും അക്കൗണ്ടുകൾ ഏഴുതാം.
5. ഒരു ബിസിനസ്സ് ഇടപാടിനെ വിശകലനം ചെയ്ത് രേഖപ്പെടുത്തുമ്പോൾ :
   - (a) ഒരു ഇടപാട് രണ്ട് അക്കൗണ്ടിൽ മാത്രമേ എഴുതാവൂ.
   - (b) ഒരു ഇടപാട് രേഖപ്പെടുത്താൻ ഒരു അക്കൗണ്ട് മതി.
   - (c) ഒരു അക്കൗണ്ട് ബാലൻസ് കൂടുകയും, മറ്റൊന്ന് കുറയുകയും വേണം.
   - (d) മൊത്തം ഡെബിറ്റ് തുകയ്ക്ക് തുല്യമായിരിക്കണം ക്രെഡിറ്റ് തുക.
6. മാസംതോറും ക്രെഡിറ്റേഴ്സിനുള്ള ബിൽത്തുക ജേർണലിൽ എഴുതുന്നത്:
   - (a) ബിൽത്തുക ഡെബിറ്റ് ചെയ്യുന്നു, മൂലധനം ക്രെഡിറ്റ് ചെയ്യുന്നു.
   - (b) മൂലധനം ഡെബിറ്റ്ചെയ്യുന്നു, പണം ക്രെഡിറ്റ് ചെയ്യുന്നു.
   - (c) ബിൽത്തുക ഡെബിറ്റ് ചെയ്യുന്നു, പണം ക്രെഡിറ്റ് ചെയ്യുന്നു.
   - (d) ബിൽത്തുക ഡെബിറ്റ് ചെയ്യുന്നു, ക്രെഡിറ്റേഴ്സിനെ ക്രെഡിറ്റ് ചെയ്യുന്നു.
7. ശമ്പളം നൽകിയത് ജേർണലിൽ രേഖപ്പെടുത്തുന്നത്:
   - (a) ശമ്പളം ഡെബിറ്റ് ചെയ്യുന്നു, പണം ക്രെഡിറ്റ് ചെയ്യുന്നു.
   - (b) മൂലധനം ഡെബിറ്റ്ചെയ്യുന്നു, പണം ക്രെഡിറ്റ് ചെയ്യുന്നു.
   - (c) പണം ഡെബിറ്റ് ചെയ്യുന്നു, ശമ്പളം ക്രെഡിറ്റ് ചെയ്യുന്നു.
   - (d) ശമ്പളം ഡെബിറ്റ് ചെയ്യുന്നു, ക്രെഡിറ്റേഴ്സിനെ ക്രെഡിറ്റ് ചെയ്യുന്നു.

***ജേർണലും, ലെഡ്ജറും തമ്മിലുള്ള വ്യത്യാസങ്ങൾ (Distinction between Journal and Ledger)***

| ജേർണൽ | ലെഡ്ജർ |
|---|---|
| (1) പ്രഥമ രേഖപ്പെടുത്തൽ ബുക്കാണ്. | (1) ദ്വിതീയ രേഖപ്പെടുത്തൽ ബുക്കാണ്. |
| (2) കാലക്രമം അനുസരിച്ച് തയാറാക്കുന്ന രേഖയാണ്. | (2) അപഗ്രഥന രേഖയാണ്. |
| (3) ഉറവിടരേഖകൾ നോക്കി തയാറാക്കുന്നു. | (3) ജേർണലിൽ നിന്ന് പകർത്തിയെഴുതുന്നു. |
| (4) എല്ലാ ഇടപാടുകളും ഇടകലർത്തി എഴുതുന്നു. | (4) ഇടപാടുകൾ തരം തിരിച്ച് രേഖപ്പെടുത്തുന്നു. |
| (5) അനുബന്ധ കണക്ക് ബുക്കാണ്. | (5) പ്രമുഖ കണക്ക് ബുക്കാണ്. |
| (6) രേഖപ്പെടുത്തുന്ന പ്രവർത്തനത്തെ ജേർണലൈസിംഗ് എന്നു പറയുന്നു. | (6) രേഖപ്പെടുത്തുന്ന പ്രവർത്തനത്തെ പതിക്കൽ എന്നു പറയുന്നു. |

### *3.5.1 ലെഡ്ജർ അക്കൗണ്ടുകളുടെ തരംതിരിക്കൽ (Classification of Ledger Accounts)*

ലെഡ്ജർ അക്കൗണ്ടുകളെ ആസ്തികൾ, ബാധ്യതകൾ, മൂലധനം, വരുമാനം, ചെലവ് എന്നിങ്ങനെ അഞ്ചായി തരംതിരിച്ചിട്ടുള്ളത് കണ്ടുവല്ലോ? ഇവയെ സ്ഥിര അക്കൗണ്ടുകളെന്നും (Permanent accounts), താൽക്കാലിക അക്കൗണ്ടുകളെന്നും (Temporary accounts) രണ്ട് ഗണങ്ങളായി തിരിക്കാവുന്നതാണ്. എല്ലാ സ്ഥിര അക്കൗണ്ടുകളുടെയും ബാലൻസ് കണ്ടുപിടിക്കുകയും, അടുത്ത അക്കൗണ്ടിംഗ് കാലയളവിലേക്ക് നീക്കിയിരിപ്പ് തുക മാറ്റി എഴുതുകയും ചെയ്യും. എന്നാൽ എല്ലാ താൽക്കാലിക അക്കൗണ്ടുകളിലെയും വർഷാവസാനമുള്ള തുക ലാഭ നഷ്ട അക്കൗണ്ടിലേക്ക് മാറ്റുന്നു. എല്ലാ സ്ഥിര അക്കൗണ്ടുകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തണം. ഇതിൽ നിന്നും, ആസ്തികൾ, ബാധ്യതകൾ, മൂലധനം എന്നീ അക്കൗണ്ടുകൾ സ്ഥിര അക്കൗണ്ടുകളാണെന്നു മനസ്സിലാക്കാം. എന്നാൽ വരുമാനം, ചെലവ് എന്നിവയുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ താൽകാലിക അക്കൗണ്ടുകളുമാണ്.

### **3.6 *ജേർണലിൽ നിന്നുള്ള പതിക്കൽ* (Posting from Journal)**

ജേർണലിൽ നിന്ന് ലെഡ്ജറിലേക്ക് ഇടപാടുകൾ പകർത്തിയെഴുതുന്നതിനെയാണ് പതിക്കൽ എന്നു പറയുന്നത്. ഈ പ്രക്രിയയിലൂടെ സമാനസ്വഭാവമുള്ള ഇടപാടുകൾ ഒന്നിച്ചെഴുതി, സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കാൻ കഴിയുന്നു. ഒരോ ബിസിനസ്സിലെയും സാഹചര്യമനുസരിച്ച് നിശ്ചയിക്കുന്ന ഇടവേളകളിൽ ഇടപാടുകളുടെ പതിക്കൽ ചെയ്യാവുന്നതാണ്.

ജേർണലിൽ നിന്ന്, ലെഡ്ജറിലേക്ക് ഇടപാടുകൾ പതിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ നൽകിയിരിക്കുന്നു:

*1* : ജേർണലിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഇടപാടിൽ, ഡെബിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ട് ലെഡ്ജറിൽ എവിടെയാണെന്ന് കണ്ടെത്തുക.

*2* : പ്രസ്തുത അക്കൗണ്ടിന്റെ ഡെബിറ്റ് ഭാഗത്തുള്ള തീയതിയുടെ കോളത്തിൽ ഇടപാട് നടന്ന തീയതി എഴുതുക.

*3* : അക്കൗണ്ടിന്റെ ഡെബിറ്റ് ഭാഗത്തുള്ള വിശദാംശങ്ങളുടെ കോളത്തിൽ ജേർണലിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ പേര് എഴുതുക. ഉദാഹരണമായി, പഴയ ഫർണിച്ചർ ₹34,000 യ്ക്ക് വിറ്റത്, ജേർണലിൽ എഴുതിയിരിക്കുന്നത്, ക്യാഷ് അക്കൗണ്ടിനെ ഡെബിറ്റും, ഫർണിച്ചർ അക്കൗണ്ടിനെ ക്രെഡിറ്റും ചെയ്തു കൊണ്ടായിരിക്കും. ഈ ഇടപാടിനെ ലെഡ്ജറിലേക്ക് പതിക്കുമ്പോൾ ക്യാഷ് അക്കൗണ്ടിന്റെ ഡെബിറ്റ് ഭാഗത്തുള്ള വിശദാംശങ്ങളുടെ കോളത്തിൽ 'ഫർണിച്ചർ അക്കൗണ്ട്' എന്നാണ് എഴുതേണ്ടത്. അതായത് ഫർണിച്ചർ വിറ്റ വകയിലാണ് പണം ലഭിച്ചതെന്നാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്.

*4 :* ഡെബിറ്റ് ഭാഗത്തുള്ള ജേർണൽ പേജ് (JF) കോളത്തിൽ ബന്ധപ്പെട്ട ഇടപാട് ജേർണലിൽ രേഖപ്പെടുത്തിയിരിക്കുന്ന പേജിന്റെ നമ്പറാണ് എഴുതേണ്ടത്.

*5 :* ബന്ധപ്പെട്ട തുക ഡെബിറ്റ് ഭാഗത്തെ തുകയുടെ കോളത്തിൽ എഴുതുക. ഇതേ നടപടിക്രമങ്ങളിലൂടെ ജേർണലിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന അക്കൗണ്ടിനെ ലെഡ്ജറിൽ ബന്ധപ്പെട്ട അക്കൗണ്ടിന്റെ ക്രെഡിറ്റ് ഭാഗത്ത് പതിക്കുന്നു. ഇവിടെ വിശദാംശങ്ങളുടെ കോളത്തിൽ ജേർണലിൽ ഡെബിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ പേരാണ് എഴുതേണ്ടത്. ഒരു അക്കൗണ്ട് ലെഡ്ജറിൽ ഒരിക്കൽ മാത്രം തുറന്നാൽ മതി. പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും ആ അക്കൗണ്ടിന്റെ ഡെബിറ്റ്/കെഡിറ്റ് ഭാഗത്ത് ഉൾപ്പെടുത്താവുന്നതാണ്.

ഉദാഹരണം: 1 ൽ (പേജ് 67 – 68) നൽകിയിരുന്ന ഇടപാടുകൾ ജേർണലിൽ നിന്ന് ലെഡ്ജറിലേക്ക് പതിച്ചിരിക്കുന്നത് താഴെ നൽകിയിരിക്കുന്നു:

**Dr.** **ക്യാഷ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (1) | ക്യാപ്പിറ്റൽ | | 5,00,000 | (2)<br>(4) | ബാങ്ക്<br>മെഷിനറി | | 4,80,000<br>10,000 |

**Dr.** **ക്യാപ്പിറ്റൽ അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | (1) | ക്യാഷ് | | 5,00,000 |

**Dr.** **ബാങ്ക് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (2) | ക്യാഷ് | | 4,80,000 | (3) | ഫർണിച്ചർ | | 60,000 |

**Dr.** **ഫർണിച്ചർ അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (3) | ബാങ്ക് | | 60,000 | | | | |

**Dr.** **മെഷിനറി അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (4) | ക്യാഷ് | | 10,000 | | | | |
| (4) | റമീസ് | | 1,15,000 | | | | |

**Dr.** **റമീസ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | (4) | മെഷിനറി | | 1,15,000 |

**Dr.** **പർച്ചേയ്സ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (5) | സുമിത് ട്രേഡേഴ്സ് | | 55,000 | | | | |

**Dr.** **സുമിത് ട്രേഡേഴ്സ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | (5) | പർച്ചേയ്സ് | | 55,000 |

**Dr.** **രജനി എന്റർപ്രൈസസ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| (6) | സെയിൽസ് | | 35,000 | | | | |

**Dr.** **സെയിൽസ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | (6) | രജനി എന്റർപ്രൈസസ് | | 35,000 |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - IV**

1. വാടകയിനത്തിൽ ₹8,000 യുടെ ചെക്ക് നൽകി. ഇടപാടിൽ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
2. ഡെബ്റ്റേഴ്സിൽ നിന്ന് ₹35,000 ലഭിച്ചു. ഈ ഇടപാടിൽ ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
3. ₹18,000 യുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങി. ഈ ഇടപാടിൽ ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
4. പുതിയ മെഷിനറി വാങ്ങിയതിന് ₹1,70,000 യുടെ ചെക്ക് നൽകി. ഈ ഇടപാടിൽ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
5. ക്രെഡിറ്റേഴ്സിന് ₹70,000 യുടെ ചെക്ക് നൽകി. ഈ ഇടപാടിൽ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
6. കേടുവന്ന സ്റ്റേഷനറി സാധനങ്ങൾ മടക്കി നൽകിയപ്പോൾ ₹50,000 ലഭിച്ചു. ഈ ഇടപാടിൽ ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
7. ₹65,000 യുടെ ബിസിനസ് സേവനങ്ങൾ കടമായി നൽകി. ഈ ഇടപാടിൽ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?

**നിർദ്ധാരണം: 6**

മല്ലികാ ഫാഷൻ ഹൗസിന്റെ, ജൂൺ 2017 ലെ ഇടപാടുകൾ താഴെ നൽകിയിരിക്കുന്നു. ഇവ ജേർണലിൽ രേഖപ്പെടുത്തുകയും, ബന്ധപ്പെട്ട ലെഡ്ജർ അക്കൗണ്ടുകളിലേക്ക് പതിക്കുകയും ചെയ്യുക.

| തീയതി | ഇടപാടുകൾ | തുക |
|---|---|---|
| *2017* | | ₹ |
| ജൂൺ 05 | ബിസിനസ്സ് ആരംഭിക്കുന്നതിനു പണം കൊണ്ടു വന്നു | 2,00,000 |
| 08 | സിന്റിക്കേറ്റ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി | 80,000 |
| 12 | ഗോപാൽ ഫാഷൻസിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 30,000 |
| 12 | ഓഫീസ് മെഷിനറി വാങ്ങിയതിന് ചെക്ക് നൽകി | 20,000 |
| 18 | വാടക ചെക്കിലൂടെ നൽകി | 5,000 |
| 20 | മോഹന് കടമായി സാധനങ്ങൾ വിറ്റു | 10,000 |
| 22 | രൊക്കം പണത്തിനുള്ള വിൽപ്പന | 15,000 |
| 25 | ഗോപാൽ ഫാഷൻസിന് പണം നൽകി | 30,000 |
| 28 | മോഹനിൽ നിന്ന് ചെക്ക് ലഭിച്ചു, ബാങ്കിൽ നൽകി | 10,000 |
| 30 | ശമ്പളം പണമായി നൽകി | 6,000 |

## മല്ലികാ ഫാഷൻ ഹൗസിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ്. | ഡെബിറ്റ് ₹ | ക്രെഡിറ്റ് ₹ |
|---|---|---|---|---|---|
| *2017* | | | | | |
| ജൂൺ05 | ക്യാഷ് അക്കൗണ്ട് | Dr. | | 2,00,000 | |
| | To ക്യാപിറ്റൽ അക്കൗണ്ട് | | | | 2,00,000 |
| | (ബിസിനസ്സ് ആരംഭിച്ചു) | | | | |
| 08 | ബാങ്ക് അക്കൗണ്ട് | Dr. | | 80,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 80,000 |
| | (ബാങ്ക് അക്കൗണ്ട് ആരംഭിച്ചു) | | | | |
| 12 | പർച്ചേയ്സ് അക്കൗണ്ട് | Dr. | | 30,000 | |
| | To ഗോപാൽ ഫാഷൻസ് അക്കൗണ്ട് | | | | 30,000 |
| | (ഗോപാൽ ഫാഷൻസിൽ നിന്നും കടമായി സാധനങ്ങൾ വാങ്ങി) | | | | |
| 12 | മെഷിനറി അക്കൗണ്ട് | Dr. | | 20,000 | |
| | To ബാങ്ക് അക്കൗണ്ട് | | | | 20,000 |
| | (ഓഫീസ് മെഷിനറി വാങ്ങിയതിന് ചെക്ക് നൽകി) | | | | |
| 18 | റെന്റ് അക്കൗണ്ട് | Dr. | | 5,000 | |
| | To ബാങ്ക് അക്കൗണ്ട് | | | | 5,000 |
| | (വാടക ചെക്കിലൂടെ നൽകി) | | | | |
| 20 | മോഹൻ അക്കൗണ്ട് | Dr. | | 10,000 | |
| | To സെയിൽസ് അക്കൗണ്ട് | | | | 10,000 |
| | (കടത്തിന് സാധനം വിറ്റു.) | | | | |
| 22 | ക്യാഷ് അക്കൗണ്ട് | Dr. | | 15,000 | |
| | To സെയിൽസ് അക്കൗണ്ട് | | | | 15,000 |
| | (രൊക്കം പണത്തിനുള്ള വിൽപ്പന) | | | | |
| 25 | ഗോപാൽ ഫാഷൻസ് അക്കൗണ്ട് | Dr. | | 30,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 30,000 |
| | (ഗോപാൽ ഫാഷൻസിന് പണം നൽകി) | | | | |
| 28 | ബാങ്ക് അക്കൗണ്ട് | Dr. | | 10,000 | |
| | To മോഹൻ അക്കൗണ്ട് | | | | 10,000 |
| | (മോഹനിൽ നിന്ന് ചെക്ക് ലഭിച്ചു, ബാങ്കിൽ നൽകി) | | | | |
| 30 | സാലറി അക്കൗണ്ട് | Dr. | | 6,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 6,000 |
| | (ശമ്പളം പണമായി നൽകി) | | | | |
| | ആകെ | | | 4,06,000 | 4,06,000 |

ഈ ജേർണൽ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ലെഡ്ജർ അക്കൗണ്ടുകളിൽ പതിച്ചിരിക്കുന്നത് ഇനി ശ്രദ്ധിക്കുക:

**Dr. ക്യാഷ് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017 | | | | 2017 | | | |
| ജൂൺ 5 | ക്യാപ്പിറ്റൽ | | 2,00,000 | ജൂൺ 8 | ബാങ്ക് | | 80,000 |
| 22 | സെയിൽസ് | | 15,000 | 25 | ഗോപാൽ ഫാഷൻസ് | | 30,000 |
| | | | | 30 | സാലറി | | 6,000 |

**Dr. ക്യാപ്പിറ്റൽ അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | 2017 | | | | |
| | | | | ജൂൺ 5 | ക്യാഷ് | | 2,00,000 |

**Dr. ബാങ്ക് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017 | | | | 2017 | | | |
| ജൂൺ 8 | ക്യാഷ് | | 80,000 | ജൂൺ 12 | മെഷിനറി | | 20,000 |
| 28 | മോഹൻ | | 10,000 | 18 | റെന്റ് | | 5,000 |

**Dr. പർച്ചേയ്സ് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017 | | | | | | | |
| ജൂൺ 12 | ഗോപാൽ ഫാഷൻസ് | | 30,000 | | | | |

**Dr. ഗോപാൽ ഫാഷൻസ് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017 | | | | 2017 | | | |
| ജൂൺ 25 | ക്യാഷ് | | 30,000 | ജൂൺ 12 | പർച്ചേയ്സ് | | 30,000 |

**Dr. മെഷിനറി അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017<br>ജൂൺ 12 | ബാങ്ക് | | 20,000 | | | | |

**Dr. റെന്റ് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017<br>ജൂൺ 18 | ബാങ്ക് | | 5,000 | | | | |

**Dr. മോഹൻ അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017<br>ജൂൺ 20 | സെയിൽസ് | | 10,000 | 2017<br>ജൂൺ 28 | ബാങ്ക് | | 10,000 |

**Dr. സെയിൽസ് അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | 2017<br>ജൂൺ 20<br>ജൂൺ 22 | <br>മോഹൻ<br>ക്യാഷ് | | <br>10,000<br>15,000 |

**Dr. സാലറി അക്കൗണ്ട് Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ | തീയതി | വിശദാംശങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| 2017<br>ജൂൺ 30 | ക്യാഷ് | | 6,000 | | | | |

**നിർദ്ധാരണം: 7**

നൽകിയിട്ടുള്ള ഇടപാടുകൾ സുമ സ്റ്റോഴ്സിന്റെ ജേർണലിലും, ലെഡ്ജറിലും രേഖപ്പെടുത്തുക.

| തീയതി | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| *2017* | | |
| ഏപ്രിൽ 01 | പണവുമായി ബിസിനസ്സ് ആരംഭിച്ചു | 1,20,000 |
| 02 | കാനറാ ബാങ്കിൽ അക്കൗണ്ട് തുടങ്ങി | 40,000 |
| 04 | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | 12,000 |
| 10 | കാർട്ടേജ് (ചരക്ക് കൂലി) നൽകി | 500 |
| 12 | ലാറഇന്ത്യയ്ക്ക് കടമായി സാധനങ്ങൾ വിറ്റു | 25,000 |
| 14 | ലാറഇന്ത്യയിൽ നിന്ന് പണം ലഭിച്ചു. | 10,000 |
| 16 | ലാറഇന്ത്യയിൽ നിന്ന് സാധനങ്ങൾ തിരികെ ലഭിച്ചു | 3,000 |
| 18 | കച്ചവടച്ചെലവുകൾ (ട്രേഡ് എക്സ്പെൻസസ്) കൊടുത്തു | 700 |
| 19 | അരുണിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 32,000 |
| 20 | ലാറഇന്ത്യയിൽ നിന്ന് കണക്ക് തീർപ്പാക്കി ലഭിച്ച ചെക്ക് ബാങ്കിൽ നൽകി | 11,500 |
| 22 | അരുണിന് സാധനങ്ങൾ തിരികെ നൽകി | 1,500 |
| 24 | സ്റ്റേഷനറിച്ചെലവുകൾ കൊടുത്തു | 1,200 |
| 26 | അരുണിന് ചെക്ക് നൽകി | 20,000 |
| 28 | വാടക ചെക്കിലൂടെ നൽകി | 4,000 |
| 29 | സ്വകാര്യ ആവശ്യങ്ങൾക്ക് പണം ബിസിനസ്സിൽ നിന്നും എടുത്തു | 10,000 |
| 30 | രൊക്കം പണത്തിനുള്ള വിൽപ്പന | 12,000 |
| 31 | രൂപേഷ് ട്രേഡേഴ്സിന് സാധനങ്ങൾ കടമായി വിറ്റു | 11,000 |

## മല്ലികാ ഫാഷൻ ഹൗസിന്റെ ബുക്ക്

### ജേർണൽ

| തീയതി | വിശദാംശങ്ങൾ | | എൽ. എഫ്. | ഡെബിറ്റ് തുക (₹) | ക്രെഡിറ്റ് തുക (₹) |
|---|---|---|---|---|---|
| *2017* | | | | | |
| ഏപ്രിൽ 01 | ക്യാഷ് അക്കൗണ്ട് | Dr. | | 1,20,000 | |
| | To ക്യാപ്പിറ്റൽ അക്കൗണ്ട് | | | | 1,20,000 |
| | (ബിസിനസ്സ് ആരംഭിച്ചു) | | | | |
| 02 | ബാങ്ക് അക്കൗണ്ട് | Dr. | | 40,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 40,000 |
| | (ബാങ്ക് അക്കൗണ്ട് ആരംഭിച്ചു) | | | | |
| 04 | പർച്ചേയ്സ് അക്കൗണ്ട് | Dr. | | 12,000 | |
| | To ക്യാഷ് അക്കൗണ്ട് | | | | 12,000 |
| | (രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി) | | | | |

| | | | | |
|---|---|---|---|---|
| 10 | കാർട്ടേജ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(ചരക്ക്കൂലി നൽകി) | | 500 | 500 |
| 12 | ലാറഇന്ത്യ അക്കൗണ്ട് Dr.<br>To സെയിൽസ് അക്കൗണ്ട്<br>(കടമായി സാധനങ്ങൾ വിറ്റു) | | 25,000 | 25,000 |
| 14 | ക്യാഷ് അക്കൗണ്ട് Dr.<br>To ലാറഇന്ത്യ അക്കൗണ്ട്<br>(ലാറഇന്ത്യയിൽ നിന്ന് പണം ലഭിച്ചു) | | 10,000 | 10,000 |
| 16 | സെയിൽസ് റിട്ടേൺ അക്കൗണ്ട് Dr.<br>To ലാറഇന്ത്യ അക്കൗണ്ട്<br>(ലാറഇന്ത്യയിൽ നിന്ന് സാധനങ്ങൾ മടക്കി ലഭിച്ചു) | | 3,000 | 3,000 |
| 18 | ട്രേഡ് എക്സ്പെൻസസ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(കച്ചവടച്ചെലവുകൾ കൊടുത്തു) | | 700 | 700 |
| 19 | പർച്ചേയ്സ് അക്കൗണ്ട് Dr.<br>To അരുൺ അക്കൗണ്ട്<br>(കടമായി സാധനങ്ങൾ വാങ്ങി) | | 32,000 | 32,000 |
| 20 | ബാങ്ക് അക്കൗണ്ട് Dr.<br>ഡിസ്കൗണ്ട് അക്കൗണ്ട് Dr.<br>To ലാറഇന്ത്യ അക്കൗണ്ട്<br>(കണക്ക് തീർപ്പാക്കി ലഭിച്ച ചെക്ക് ബാങ്കിൽ നൽകി) | | 11,500<br>500 | 12,000 |
| 22 | അരുൺ അക്കൗണ്ട് Dr.<br>To പർച്ചേയ്സ് റിട്ടേൺ അക്കൗണ്ട്<br>(അരുണിന് സാധനങ്ങൾ മടക്കി നൽകി) | | 1,500 | 1,500 |
| 24 | സ്റ്റേഷനറി അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(സ്റ്റേഷനറിച്ചെലവുകൾ കൊടുത്തു) | | 1,200 | 1,200 |
| 26 | അരുൺ അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(അരുണിന് ചെക്ക് നൽകി) | | 20,000 | 20,000 |
| 28 | റെന്റ് അക്കൗണ്ട് Dr.<br>To ബാങ്ക് അക്കൗണ്ട്<br>(വാടക ചെക്കിലൂടെ നൽകി) | | 4,000 | 4,000 |
| 29 | ഡ്രോയിംഗ്സ് അക്കൗണ്ട് Dr.<br>To ക്യാഷ് അക്കൗണ്ട്<br>(സ്വകാര്യാവശ്യങ്ങൾക്ക് ബിസിനസിൽ നിന്നും പണം എടുത്തു) | | 10,000 | 10,000 |

| | | | | | |
|---|---|---|---|---|---|
| 30 | ക്യാഷ് അക്കൗണ്ട് Dr. | | 12,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 12,000 |
| | (രൊക്കം പണത്തിനുള്ള വിൽപ്പന) | | | |
| 31 | രൂപേഷ് ട്രേഡേഴ്സ് അക്കൗണ്ട് Dr. | | 11,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 11,000 |
| | (സാധനങ്ങൾ കടമായി വിറ്റു) | | | |
| | **ആകെ** | | **3,14,900** | **3,14, 900** |

## ലെഡ്ജർ

### ക്യാഷ് അക്കൗണ്ട്

**Dr.** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | *2017* | | | |
| ഏപ്രിൽ 01 | ക്യാപ്പിറ്റൽ | | 1,20,000 | ഏപ്രിൽ 02 | ബാങ്ക് | | 40,000 |
| 14 | ലാറഇന്ത്യ | | 10,000 | 04 | പർച്ചേയ്സ് | | 12,000 |
| 30 | സെയിൽസ് | | 12,000 | 10 | കാർട്ടേജ് | | 500 |
| | | | | 18 | ട്രേഡ് | | |
| | | | | | എക്സ്പെൻസ് | | 700 |
| | | | | 24 | സ്റ്റേഷനറി | | 1,200 |
| | | | | 29 | ഡ്രോയിംഗ്സ് | | 10,000 |

**Dr.** ### ക്യാപ്പിറ്റൽ അക്കൗണ്ട് **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | | | | *2017* | | | |
| | | | | ഏപ്രിൽ 01 | ക്യാഷ് | | 1,20,000 |

**Dr.** ### ബാങ്ക് അക്കൗണ്ട് **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | *2017* | | | |
| ഏപ്രിൽ 02 | ക്യാഷ് | | 40,000 | ഏപ്രിൽ 26 | അരുൺ | | 20,000 |
| 20 | ലാറഇന്ത്യ | | 11,500 | 28 | റെന്റ് | | 4,000 |

Dr. **പർച്ചേയ്സ് അക്കൗണ്ട്** Cr.

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | | | | |
| ഏപ്രിൽ 4 | ക്യാഷ് | | 12,000 | | | | |
| 19 | അരുൺ | | 32,000 | | | | |

Dr. **കാർട്ടേജ് അക്കൗണ്ട്** Cr.

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | | | | |
| ഏപ്രിൽ 10 | ക്യാഷ് | | 500 | | | | |

Dr. **ലാറഇന്ത്യ അക്കൗണ്ട്** Cr.

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | *2017* | | | |
| ഏപ്രിൽ 12 | സെയിൽസ് | | 25,000 | ഏപ്രിൽ 14 | ക്യാഷ് | | 10,000 |
| | | | | 16 | സെയിൽസ് റിട്ടേൺസ് | | 3,000 |
| | | | | 20 | ബാങ്ക് | | 11,500 |
| | | | | | ഡിസ്കൗണ്ട് | | 500 |

Dr. **സെയിൽസ് അക്കൗണ്ട്** Cr.

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | | | | ഏപ്രിൽ12 | ലാറഇന്ത്യ | | 25,000 |
| | | | | 30 | ക്യാഷ് | | 12,000 |
| | | | | 31 | രൂപേഷ് ട്രേഡേഴ്സ് | | 11,000 |

Dr. **സെയിൽസ് റിട്ടേൺസ് അക്കൗണ്ട്** Cr.

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* | | | | | | | |
| ഏപ്രിൽ 16 | ലാറഇന്ത്യ | | 3,000 | | | | |

**Dr.** **ട്രേഡ് എക്സ്പെൻസ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 18 | ക്യാഷ് | | 700 | | | | |

**Dr.** **അരുൺ അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 22 | പർച്ചേയ്സ് റിട്ടേൺ | | 1,500 | *2017* ഏപ്രിൽ 19 | പർച്ചേയ്സ് | | 32,000 |
| 26 | ബാങ്ക് | | 20,000 | | | | |

**Dr.** **ഡിസ്ക്കൗണ്ട് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 20 | ലാറഇന്ത്യ | | 500 | | | | |

**Dr.** **പർച്ചേയ്സ് റിട്ടേൺ അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | | | | *2017* ഏപ്രിൽ 22 | അരുൺ | | 1,500 |

**Dr.** **സ്റ്റേഷനറി അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 24 | ക്യാഷ് | | 1,200 | | | | |

**Dr.** **റെന്റ് അക്കൗണ്ട്** **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 28 | ബാങ്ക് | | 4,000 | | | | |

**Dr.** ഡ്രോയിംഗ്സ് അക്കൗണ്ട് **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 29 | ക്യാഷ് | | 10,000 | | | | |

**Dr.** രൂപേഷ് ട്രേഡേഴ്സ് അക്കൗണ്ട് **Cr.**

| തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) | തീയതി | വിശദാംശങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| *2017* ഏപ്രിൽ 30 | സെയിൽസ് | | 11,000 | | | | |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - V**

*ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:*

1. വൗച്ചർ തയാറാക്കുന്നത് എപ്പോൾ?
   (i) പണം ലഭിക്കുന്നതിനും നൽകുന്നതിനും
   (ii) രൊക്കം പണത്തിനുള്ള/കടമായുള്ള വിൽപ്പനയ്ക്ക്
   (iii) രൊക്കം പണത്തിനുള്ള/കടമായുള്ള വാങ്ങലുകൾക്ക്
   (iv) ഇവയിലെല്ലാം
2. ഏതിൽ നിന്നുമാണ് വൗച്ചറുകൾ തയാറാക്കേണ്ടത്:
   (i) തെളിവായുള്ള രേഖകളിൽ നിന്ന്
   (ii) ജേർണലിൽ നിന്ന്
   (iii) ലെഡ്ജറിൽ നിന്ന്
   (iv) ഇവയിൽ നിന്നെല്ലാം
3. ഒരു അക്കൗണ്ടിന് എത്ര വശങ്ങളുണ്ട്?
   (i) രണ്ട്
   (ii) മൂന്ന്
   (iii) ഒന്ന്
   (iv) ഇവയൊന്നുമല്ല
4. രൊക്കം പണം നൽകി മെഷിനറി വാങ്ങിയത് ഡെബിറ്റ് ചെയ്യേണ്ടത് ഏത് അക്കൗണ്ടിൽ?
   (i) ക്യാഷ് അക്കൗണ്ട്
   (ii) മെഷിനറി അക്കൗണ്ട്
   (iii) പർച്ചേയ്സ് അക്കൗണ്ട്
   (iv) ഇവയിലൊന്നുമല്ല
5. ശരിയായ സമവാക്യം ഏത്?
   (i) ബാധ്യതകൾ – ആസ്തികൾ | മൂലധനം
   (ii) ആസ്തികൾ – ബാധ്യതകൾ – മൂലധനം
   (iii) മൂലധനം – ആസ്തികൾ ബാധ്യതകൾ
   (iv) മൂലധനം – ആസ്തികൾ + ബാധ്യതകൾ
6. ഉടമസ്ഥൻ ബിസിനസ്സിൽ നിന്ന് സ്വകാര്യാവശ്യങ്ങൾക്ക് പിൻവലിച്ച പണം ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത്?
   (i) ഡ്രോയിംഗ്സ് അക്കൗണ്ട്
   (ii) ക്യാപ്പിറ്റൽ അക്കൗണ്ട്
   (iii) പ്രോഫിറ്റ് & ലോസ് അക്കൗണ്ട്
   (iv) ക്യാഷ് അക്കൗണ്ട്

7. ശരിയായ വാക്യം തിരഞ്ഞെടുക്കുക:
   (i) ആസ്തികൾ കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.
   (ii) ചെലവുകൾ കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.
   (iii) വരുമാനം കൂടുന്നത് ഡെബിറ്റ് ചെയ്യുന്നു.
   (iv) മൂലധനം കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു.
8. എല്ലാ അക്കൗണ്ടുകളും ഉൾക്കൊള്ളുന്ന അക്കൗണ്ട് ബുക്ക് ഏത്?
   (i) ക്യാഷ് ബുക്ക്
   (ii) ജേർണൽ
   (iii) പർച്ചേയ്സ് ബുക്ക്
   (ii) ലെഡ്ജർ
9. ജേർണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് പറയുന്ന പേര്:
   (i) കാസ്റ്റിങ്ങ്
   (ii) പോസ്റ്റിങ്ങ്
   (iii) ജേർണലൈസിംഗ്
   (iv) റെക്കോർഡിംഗ്

## പാഠഭാഗത്തെ മുഖ്യപദങ്ങൾ

- ഉറവിട രേഖകൾ (Source Documents)
- ക്രെഡിറ്റ് (Credit)
- അക്കൗണ്ടിംഗ് സമവാക്യം (Accounting Equation)
- ഡെബിറ്റ് (Debit)
- പ്രഥമ രേഖപ്പെടുത്തൽ ബുക്ക് (Books of Original Entry)
- അക്കൗണ്ട് (Account)
- ജേർണലൈസിംഗ് (Journalising)
- പതിക്കൽ (Posting)
- ലെഡ്ജർ (Ledger)
- ഇരട്ടപ്പതിക്കൽ കണക്ക് സൂക്ഷിപ്പ് (Double Entry Book Keeping)
- ജേർണൽ/നാൾവഴി (Journal)
- ലെഡ്ജർ/പേരേട് (Ledger)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

1. ***ഉറവിടരേഖകൾ***: ഒരു ബിസിനസ്സ് ഇടപാട് നടന്നതിന് തെളിവായുള്ള രേഖയാണ് 'ഉറവിടരേഖ' എന്ന് അറിയപ്പെടുന്നത്. പണരസീത്, പറ്റ് രസീത്, വിൽപ്പന ബിൽ, ഒടുക്കൽച്ചീട്ട്, ചെക്ക്, ശമ്പളച്ചീട്ട്, എന്നിവയെല്ലാം ഉറവിട രേഖകൾക്ക് ഉദാഹരണങ്ങളാണ്.
2. ***അക്കൗണ്ടിംഗ് സമവാക്യം:*** ഒരു ബിസിനസ്സിലെ ആകെ ആസ്തികൾ അതിന്റെ ബാധ്യതകൾക്കും, മൂലധനത്തിനും തുല്യമായിരിക്കുമെന്നതാണ് അക്കൗണ്ടിംഗ് സമവാക്യം സൂചിപ്പിക്കുന്നത്. അക്കൗണ്ടിംഗ് സമവാക്യം താഴെ പറയുന്ന രീതികളിൽ പ്രസ്താവിക്കാം:

ആസ്തികൾ = ബാധ്യതകൾ + മൂലധനം

മൂലധനം = ആസ്തികൾ – ബാധ്യതകൾ

ബാധ്യതകൾ = ആസ്തികൾ – മൂലധനം

3. ***ഡെബിറ്റ്-ക്രെഡിറ്റ് നിയമങ്ങൾ***: ഏതുതരം അക്കൗണ്ടാണ് എന്നതിനനുസരിച്ച് ഡെബിറ്റ്-ക്രെഡിറ്റ് നിയമങ്ങൾ വ്യത്യസ്തമായിരിക്കും. ഈ ഡെബിറ്റ്-ക്രെഡിറ്റ് നിയമങ്ങൾ താഴെ നൽകിയിരിക്കുന്നു.

   *ആസ്തികൾ, ചെലവുകൾ*:

   കൂടുന്നത് ഡെബിറ്റ് ചെയ്യുന്നു, കുറയുന്നത് ക്രെഡിറ്റ് ചെയ്യുന്നു.

   *ബാധ്യതകൾ, മൂലധനം, വരുമാനങ്ങൾ*:

   കുറയുന്നത് ഡെബിറ്റ് ചെയ്യുന്നു, കൂടുന്നത് ക്രെഡിറ്റ് ചെയ്യുന്നു

4. ***പ്രഥമ രേഖപ്പെടുത്തൽ ബുക്ക്***: ബിസിനസ്സ് ഇടപാടുകൾ ആദ്യമായി രേഖപ്പെടുത്തുന്ന ബുക്കിനെയാണ് ജേർണൽ എന്നു വിളിക്കുന്നത്. അതുകൊണ്ട് ജേർണൽ പ്രഥമ രേഖപ്പെടുത്തൽ ബുക്ക് എന്നാണ് അറിയപ്പെടുന്നത്. ജേർണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്ന പ്രക്രിയയാണ് 'ജേർണലൈസിംഗ്'.

5. ***ലെഡ്ജർ***: ജേർണലിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകൾ തരംതിരിച്ച് എഴുതുന്ന അക്കൗണ്ട് ബുക്കാണ് ലെഡ്ജർ. അതിനാൽ, ലെഡ്ജറിനെ 'ദ്വിതീയ രേഖപ്പെടുത്തൽ ബുക്ക്' എന്നു വിളിക്കുന്നു. വിവിധ അക്കൗണ്ടുകൾ ഉൾപ്പെടുന്നതാണ് ലെഡ്ജർ ബുക്ക്. ജേർണലിൽ നിന്ന് ലെഡ്ജറിലുള്ള ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് പകർത്തി എഴുതുന്നതിനെ 'പതിക്കൽ' എന്നാണ് പറയുന്നത്.

## പരിശീലന ചോദ്യങ്ങൾ

***ഹ്രസ്വോത്തര ചോദ്യങ്ങൾ***

1. അക്കൗണ്ടിംഗ് പ്രക്രിയയിലെ മൂന്ന് അടിസ്ഥാന നടപടിക്രമങ്ങൾ ഏതെല്ലാമെന്ന് എഴുതുക.
2. അക്കൗണ്ടിംഗിൽ, ഉറവിടരേഖകൾ നൽകുന്ന തെളിവിന്റെ പ്രാധാന്യം എന്ത്?
3. ഇടപാടുകൾ ആദ്യമായി രേഖപ്പെടുത്തേണ്ടത് ജേർണലിലാണോ, ലെഡ്ജറിലാണോ? എന്തുകൊണ്ട്?

4. ജേർണലിൽ ഡെബിറ്റാണോ, ക്രെഡിറ്റാണോ ആദ്യമായി രേഖപ്പെടുത്തുന്നത്? മാർജിനിൽ നിന്ന് അകലം നൽകി എഴുതേണ്ടത് ഡെബിറ്റാണോ, ക്രെഡിറ്റാണോ?
5. ചില അക്കൗണ്ടിംഗ് രീതികളെ ഇരട്ടപ്പതിക്കൽ അക്കൗണ്ടിംഗ് രീതി എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?
6. ഒരു ലെഡ്ജർ അക്കൗണ്ടിന്റെ സാമാന്യ രൂപം നൽകുക.
7. ബാധ്യത, മൂലധന അക്കൗണ്ടുകളുടെ ഡെബിറ്റ്, ക്രെഡിറ്റ് നിയമങ്ങൾ ഒന്നു തന്നെ ആകുന്നത് എന്തുകൊണ്ട്?
8. ലെഡ്ജർ അക്കൗണ്ടുകളിലേക്ക് ഇടപാടുകൾ പതിക്കുമ്പോൾ, ജേർണലിന്റെ പേജ് നമ്പർ ബന്ധപ്പെട്ട കോളത്തിൽ എഴുതുന്നതിന്റെ ലക്ഷ്യം എന്ത്?
9. നൽകിയിട്ടുള്ള ഇടപാടുകൾ ഡെബിറ്റു ചെയ്യണമോ, ക്രെഡിറ്റു ചെയ്യണമോയെന്നു വിശദമാക്കുക: (a) വരുമാനം വർധിക്കുന്നു (b) ചെലവ് കുറയുന്നു. (c) തൻപറ്റ് രേഖപ്പെടുത്തുന്നു (d) ഉടമസ്ഥൻ അധിക മൂലധനം കൊണ്ടുവരുന്നു.
10. ആസ്തി കുറയുന്ന ഒരു ഇടപാടിൽ, പ്രസ്തുത കുറവ് ഡെബിറ്റായാണോ, ക്രെഡിറ്റായാണോ രേഖപ്പെടുത്തേണ്ടത്? ഈ ഇടപാടിൽ ഒരു ബാധ്യത കുറയുന്നുവെങ്കിൽ, ആ കുറവ് ഡെബിറ്റായാണോ, ക്രെഡിറ്റായാണോ രേഖപ്പെടുത്തേണ്ടത്?

### *ദീർഘോത്തര ചോദ്യങ്ങൾ*

1. അക്കൗണ്ടിംഗ് സമ്പ്രദായങ്ങളിൽ രേഖപ്പെടുത്തുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക. ഈ സമ്പ്രദായങ്ങളിൽ ഉറവിടരേഖകളുടെ പ്രാധാന്യം വിശദീകരിക്കുക.
2. ഇടപാടുകളുടെ വിശകലനത്തിന് ഡെബിറ്റ്, ക്രെഡിറ്റുകൾ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് വിശദമാക്കുക.
3. ഇടപാടുകൾ എങ്ങനെ ബാധിക്കുന്നുവെന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അക്കൗണ്ടുകൾ എങ്ങനെ സഹായകരമാണെന്ന് വിവരിക്കുക.
4. എന്താണ് ജേർണൽ? ഏതെങ്കിലും അഞ്ച് ഇടപാടുകൾ രേഖപ്പെടുത്തി ജേർണലിന്റെ സാമാന്യരൂപം തയാറാക്കുക.
5. ഉറവിടരേഖകളും, വൗച്ചറുകളും തമ്മിലുള്ള വ്യത്യാസം എന്ത്?

6. 'അക്കൗണ്ടിംഗ് സമവാക്യങ്ങൾ ഏതു സാഹചര്യത്തിലും തുല്യത ഉറപ്പു വരുത്തുന്നവയാണ്.' ഉദാഹരണത്തിലൂടെ സാധൂകരിക്കുക.
7. ഇരട്ടപ്പതിക്കൽ സമ്പ്രദായം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.

### സാംഖിക ചോദ്യങ്ങൾ *(Numerical Questions)*

*ഇടപാടുകളുടെ വിശകലനം (Analysis of Transactions)*

1. നൽകിയിരിക്കുന്ന ഇടപാടുകളുടെ അക്കൗണ്ടിംഗ് സമവാക്യം തയാറാക്കുക:
   (a) ഹർഷ ₹2,00,000 പണവുമായി ബിസിനസ്സ് ആരംഭിച്ചു.
   (b) നാരായണനിൽ നിന്ന് ₹40,000 യുടെ സാധനങ്ങൾ റൊക്കം പണം നൽകി വാങ്ങി.
   (c) ബാബുവിന് ₹10,000 വിലയുള്ള സാധനങ്ങൾ ₹12,000 യ്ക്ക് കടമായി വിറ്റു.
   (d) ജോസഫിൽ നിന്ന് ₹7,000 യുടെ ഫർണിച്ചർ കടമായി വാങ്ങി.
   (ഉത്തരം: ആസ്തികൾ – ക്യാഷ് ₹1,60,000 – സ്റ്റോക്ക് ₹30,000 + ഡെബ്റ്റേഴ്സ് ₹ 12,000 + ഫർണിച്ചർ ₹7,000 – ₹2,09,000; ബാധ്യതകൾ – ക്രെഡിറ്റേഴ്സ് ₹7,000 മൂലധനം ₹2,02,000 – ₹2,09,000)

2. ഇടപാടുകളിൽ നിന്ന് അക്കൗണ്ടിംഗ് സമവാക്യം തയാറാക്കുക :
   (a) കമൽ ₹2,50,000 യുമായി ബിസിനസ്സ് ആരംഭിച്ചു.
   (b) ₹35,000 റൊക്കം നൽകി ഫർണിച്ചർ വാങ്ങി.
   (c) കമ്മീഷൻ ₹2,000 നൽകി.
   (d) ₹40,000 യുടെ സാധനങ്ങൾ കടമായി വാങ്ങി.
   (e) ₹20,000 യുടെ സാധനങ്ങൾ ₹26,000 യ്ക്ക് റൊക്കം പണത്തിന് വിറ്റു.
   (ഉത്തരം: ആസ്തികൾ – ക്യാഷ് ₹2,39,000 + ഫർണിച്ചർ ₹35,000 – സ്റ്റോക്ക് ₹ 20,000 – ₹2,94,000; ബാധ്യതകൾ = ക്രെഡിറ്റേഴ്സ് ₹40,000 – മൂലധനം ₹2,54,000 – ₹2,94,000)

3. മോഹിതിന്റെ ചുവടെ തന്നിട്ടുള്ള ഇടപാടുകളുടെ അക്കൗണ്ടിംഗ് സമവാക്യം തയാറാക്കുക.
   (a) ബിസിനസ്സ് ആരംഭിച്ചത് ₹1,75,000
   (b) രവിയിൽ നിന്നും സാധനങ്ങൾ വാങ്ങി ₹50,000
   (c) ₹17,500 യുടെ സാധനങ്ങൾ മനോജിന് കടത്തിന് വിറ്റു ₹20,000
   (d) ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങിയത് ₹10,000

(e) രവിക്ക് കണക്ക് തീർപ്പാക്കി പണം നൽകിയത് ₹48,500

(f) മനോജിൽ നിന്ന് ലഭിച്ച പണം ₹20,000

(g) വാടക നൽകിയത് ₹1,000

(h) വ്യക്തിഗത ആവശ്യത്തിന് എടുത്ത പണം ₹3,000

(ഉത്തരം: ആസ്തികൾ = ക്യാഷ് ₹1,32,500 + സ്റ്റോക്ക് ₹32,500 ഫർണിച്ചർ ₹10,000 – ₹1,75,000; മൂലധനം ₹1,75,000)

4. രോഹിതിന്റെ ബിസിനസ്സ് ഇടപാടുകൾ താഴെ നൽകിയിരിക്കുന്നു:

| | |
|---|---|
| (a) പണവുമായി ബിസിനസ്സ് ആരംഭിച്ചു | ₹1,50,000 |
| (b) മെഷിനറി കടമായി വാങ്ങിയത് | ₹40,000 |
| (c) രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങിയത് | ₹20,000 |
| (d) സ്വകാര്യ ആവശ്യങ്ങൾക്കായി കാർ വാങ്ങിയത് | ₹80,000 |
| (e) ക്രെഡിറ്റേഴ്സിന് കണക്ക് തീർപ്പാക്കി പണം നൽകി | ₹38,000 |
| (f) രൊക്കം പണത്തിന്, ₹5,000 വിലയുള്ള സാധനങ്ങൾ ₹4,500 യ്ക്ക് വിറ്റു. | |
| (g) വാടക നൽകി | ₹1,000 |
| (h) മുൻകൂട്ടി ലഭിച്ച കമ്മീഷൻ | ₹2,000 |

അക്കൗണ്ടിംഗ് സമവാക്യത്തിലൂടെ ഈ ഇടപാടുകൾ ആസ്തി, ബാധ്യത, മൂലധനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് കാണിക്കുക.

(ഉത്തരം: ആസ്തികൾ ക്യാഷ് ₹17,500 മെഷിനറി ₹40,000 സ്റ്റോക്ക് ₹15,000 – ₹72,500; ബാധ്യതകൾ – മുൻകൂർ കമ്മീഷൻ ₹2,000 + മൂലധനം ₹70,500 – ₹72,500)

5. റോയൽ ട്രേഡേഴ്സിന്റെ നൽകിയിരിക്കുന്ന ഇടപാടുകൾ അക്കൗണ്ടിംഗ് സമവാക്യമുപയോഗിച്ച് വിശകലനം ചെയ്യുക:

| | |
|---|---|
| (a) രൊക്കം പണവുമായി ബിസിനസ്സ് ആരംഭിച്ചു | ₹1,20,000 |
| (b) രൊക്കം പണം നല്കി സാധനങ്ങൾ വാങ്ങി | ₹10,000 |
| (c) വാടക ലഭിച്ചത് | ₹5,000 |
| (d) ശമ്പളക്കുടിശ്ശിക | ₹2,000 |
| (e) മുൻകൂട്ടി നൽകിയ ഇൻഷുറൻസ് പ്രീമിയം | ₹1,000 |
| (f) പലിശ ലഭിച്ചത് | ₹700 |
| (g) രൊക്കം പണത്തിന് ₹5,000 വിലയുള്ള സാധനങ്ങൾ വിറ്റു | ₹7,000 |
| (h) തീപിടിത്തത്തിലൂടെ നഷ്ടപ്പെട്ട സാധനങ്ങൾ | ₹500 |

(ഉത്തരം: ആസ്തികൾ = ക്യാഷ് ₹1,21,700 + സ്റ്റോക്ക് ₹4,500 മുൻകൂട്ടി അടച്ച ഇൻഷുറൻസ് ₹1,000–1,27,200; ബാധ്യതകൾ – ശമ്പളക്കുടിശ്ശിക ₹2,000 + മൂലധനം ₹1,25,200 – ₹1,27,200)

6. നൽകിയിട്ടുള്ള ഇടപാടുകളെ അടിസ്ഥാനമാക്കി അക്കൗണ്ടിംഗ് സമവാക്യം വികസിപ്പിച്ചെഴുതുക.

| | |
|---|---|
| (a) ഉണ്ണി ബിസിനസ്സ് ആരംഭിച്ചു: | |
| (i) പണം | ₹5,00,000 |
| (ii) ചരക്കുകൾ | ₹1,00,000 |
| (b) റൊക്കം പണം നൽകി കെട്ടിടങ്ങൾ വാങ്ങി | ₹2, 00,000 |
| (c) ഹേമയിൽ നിന്ന് സാധനങ്ങൾ വാങ്ങി | ₹50,000 |
| (d) ആശയ്ക്ക് ₹25,000 വിലയുള്ള സാധനങ്ങൾ വിറ്റു | ₹36, 000 |
| (e) ഇൻഷുറൻസ് പ്രീമിയം അടച്ചു | ₹3,000 |
| (f) വാടകക്കുടിശ്ശിക | ₹5,000 |
| (g) കെട്ടിടത്തിന്റെ തേയ്മാനച്ചെലവ് | ₹8,000 |
| (h) സ്വകാര്യാവശ്യങ്ങൾക്ക് പണം എടുത്തത് | ₹20,000 |
| (i) മുൻകൂട്ടി ലഭിച്ച വാടക | ₹5,000 |
| (j) ഹേമയ്ക്ക് നൽകാനുള്ള പണം കൊടുത്തു | ₹20,000 |
| (k) ആശയിൽ നിന്ന് പണം ലഭിച്ചു | ₹30,000 |

(ഉത്തരം: ആസ്തികൾ = ക്യാഷ് ₹2,92,000 + സ്റ്റോക്ക് ₹1,25,000 + ബിൽഡിംഗ്₹ 1,92,000 ഡെബ്റ്റേഴ്സ് ₹6,000 – 6,15,000; ബാധ്യതകൾ = ക്രെഡിറ്റേഴ്സ് ₹30,000 വാടക കുടിശ്ശിക ₹5,000 + മുൻകൂർ ലഭിച്ച വാടക ₹5,000 മൂലധനം ₹5,75,000 – ₹6,15,000)

7. നൽകിയിരിക്കുന്ന ഇടപാടുകൾ ആസ്തി, ബാധ്യത, മൂലധനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് അക്കൗണ്ടിംഗ് സമവാക്യത്തിലൂടെ കാണിക്കുക:

| | |
|---|---|
| (a) പണവുമായി ബിസിനസ്സ് ആരംഭിച്ചു | ₹1,20,000 |
| (b) വാടക ലഭിച്ചു | ₹10,000 |
| (c) ഓഹരികളിൽ നിക്ഷേപിച്ചു | ₹50,000 |
| (d) ലാഭവിഹിതം ലഭിച്ചു | ₹5,000 |
| (e) രാജനിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | ₹35,000 |
| (f) വീട്ടു ചെലവുകൾക്കായി പണം നൽകിയത് | ₹7,000 |
| (g) റൊക്കം പണത്തിന് ₹10,000 വിലയുള്ള സാധനങ്ങൾ വിറ്റു | ₹14,000 |
| (h) രാജന് പണം നൽകി | ₹35,000 |
| (i) ബാങ്കിൽ പണം നിക്ഷേപിച്ചു | ₹20,000 |

(ഉത്തരം: ആസ്തികൾ ക്യാഷ് ₹ 37,000 + സ്റ്റോക്ക് ₹ 25,000 + ഓഹരികൾ ₹ 50,000 + ബാങ്ക് ₹ 20,000 – ₹ 1,32,000; ബാധ്യതകൾ – മൂലധനം ₹ 1,32,000)

8. നൽകിയിരിക്കുന്ന ഇടപാടുകൾ അക്കൗണ്ടിംഗ് സമവാക്യത്തിലൂടെ കാണിക്കുക:

| | | |
|---|---|---|
| (a) | മനോജ് ബിസിനസ്സ് ആരംഭിച്ചു | |
| | (i) പണം | ₹ 2,30,000 |
| | (ii) ചരക്കുകൾ | ₹ 1,00,000 |
| | (iii) കെട്ടിടങ്ങൾ | ₹ 2,00,000 |
| (b) | പണം നൽകി സാധനങ്ങൾ വാങ്ങി | ₹ 50,000 |
| (c) | ₹20,000 വിലയുള്ള സാധനങ്ങൾ വിറ്റു | ₹ 35,000 |
| (d) | രാഹുലിൽ നിന്ന് സാധനങ്ങൾ വാങ്ങി | ₹ 55,000 |
| (e) | വരുണിന് ₹52,000 വിലയുള്ള സാധനങ്ങൾ വിറ്റു | ₹ 60,000 |
| (f) | രാഹുലിന് കണക്ക് തീർപ്പാക്കിക്കൊണ്ട് പണം നൽകി | ₹ 53,000 |
| (g) | ശമ്പളം നൽകിയത് | ₹ 20,000 |
| (h) | കണക്ക് തീർപ്പാക്കിക്കൊണ്ട് വരുണിൽ നിന്ന് പണം ലഭിച്ചു | ₹ 59,000 |
| (i) | വാടകക്കുടിശ്ശിക | ₹ 3,000 |
| (j) | ഇൻഷുറൻസ് പ്രീമിയം മുൻകൂർ അടച്ചത് | ₹ 2,000 |
| (k) | കമ്മീഷൻ ലഭിച്ചത് | ₹ 13, 000 |
| (l) | വ്യക്തിഗത ആവശ്യത്തിന് എടുത്ത തുക | ₹ 20,000 |
| (m) | കെട്ടിടത്തിന്റെ തേയ്മാനച്ചെലവ് | ₹ 10,000 |
| (n) | അധിക മൂലധനം കൊണ്ടുവന്നത് | ₹ 50,000 |
| (o) | രാഖിയിൽ നിന്ന് സാധനങ്ങൾ വാങ്ങിയത് | ₹ 10,000 |

(ഉത്തരം: ആസ്തികൾ = ക്യാഷ് ₹2,42,000 + സ്റ്റോക്ക് ₹1,43,000 ബിൽഡിംഗ് ₹1,90,000 മുൻകൂട്ടി നൽകിയ ഇൻഷുറൻസ് ₹ 2,000 – ₹ 5,77,000; ബാധ്യതകൾ: കുടിശ്ശിക വാടക ₹ 3,000 + ക്രെഡിറ്റേഴ്സ് ₹ 10,000 + മൂലധനം ₹ 5,64,000 – ₹ 5,77,000)

9. വിപിൻ ട്രേഡേഴ്സിന്റെ ഇടപാടുകൾ നൽകിയിരിക്കുന്നു.

അക്കൗണ്ടിംഗ് സമവാക്യത്തിലൂടെ ഇവ ആസ്തി, ബാധ്യത, മൂലധനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് കാണിക്കുക.

| | | |
|---|---|---|
| (a) | പണവുമായി ബിസിനസ്സ് ആരംഭിച്ചു | ₹ 1,25,000 |
| (b) | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | ₹ 50,000 |
| (c) | കുമാർഫർണിച്ചറിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങി | ₹10,000 |

| | |
|---|---|
| (d) പോൾ ട്രേഡേഴ്സിന് ₹7,000 യുടെ സാധനങ്ങൾ വിറ്റു | ₹9,000 |
| (e) ചരക്ക് കൂലി നൽകി | ₹100 |
| (f) കുമാർ ഫർണിച്ചറിന് കണക്കുതീർത്ത് പണം നൽകി | ₹9,700 |
| (g) ₹10,000 വിലയുള്ള സാധനങ്ങൾ വിറ്റത് | ₹12,000 |
| (h) വാടക കിട്ടിയത് | ₹4,000 |
| (i) സ്വകാര്യാവശ്യങ്ങൾക്ക് പണം എടുത്തത് | ₹3,000 |

(ഉത്തരം: ആസ്തികൾ = ക്യാഷ് ₹78,200 – സ്റ്റോക്ക് ₹33,000 + ഫർണിച്ചർ ₹10,000 ഡെബ്റ്റേഴ്സ് ₹9,000 – ₹1,30,200; ബാധ്യതകൾ = മൂലധനം ₹1,30,200)

10. ബോബി ആരംഭിച്ച ഒരു കൺസൽട്ടൻസി സ്ഥാപനത്തിന്റെ നവംബർ 2017 ലെ ഇടപാടുകൾ നൽകിയിരിക്കുന്നു:

(a) ₹4,00,000 പണമായും ₹1,50,000 യുടെ ഓഫീസ് ഉപകരണങ്ങളുമായി ബിസിനസ്സ് ആരംഭിച്ചു.

(b) ഓഫീസിനുള്ള ₹1,50,000 യുടെ സ്ഥലവും ₹3, 50,000 യുടെ കെട്ടിടവും വാങ്ങി. ഇതിനായി ₹2,00,000 രൊക്കം പണമായി നൽകി, ബാക്കി ₹3,00,000 ഒരു ദീർഘകാല വായ്പയായി പരിഗണിച്ചു.

(c) ഓഫീസ് സ്റ്റേഷനറി കടമായി വാങ്ങിയത് ₹12,000.

(d) ₹90,000 വിലയുള്ള ബോബിയുടെ കാർ ബിസിനസ്സിന്റെ പേരിലേക്ക് മാറ്റി.

(e) പുതിയ ഓഫീസ് ഉപകരണങ്ങൾ വാങ്ങിയത് ₹30,000.

(f) ഓഫീസ് മാനേജർക്ക് ശമ്പളം നൽകിയത് ₹75,000.

(g) കക്ഷികളിൽ നിന്ന് സേവനത്തിന് ലഭിച്ച ഫീസ് ₹30,000.

(h) സേവനദാതാക്കൾക്ക് നൽകിയ ഉപയുക്തതാ ഫീസ് ₹4,000.

(i) സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ വകയിലുള്ള കടം വീട്ടിയത് ₹12,000.

(j) ₹93,000 പണമായും, ₹7,000 ബുക്കുവിലയുള്ള പഴയ ഉപകരണങ്ങളും നൽകി പുതിയ ഓഫീസ് ഉപകരണങ്ങൾ വാങ്ങി.

(k) സേവനങ്ങൾ നൽകിയ കക്ഷിയിൽ നിന്ന് ലഭിക്കാനുള്ള തുക ₹26,000.

(l) കക്ഷിയിൽ നിന്ന് ലഭിക്കാനുള്ളതിൽ ₹19,000 ലഭിച്ചു.

(m) ബോബി ബിസിനസ്സിൽ നിന്ന് വ്യക്തിഗത ആവശ്യത്തിന് എടുത്ത തുക ₹20,000.

ഈ ഇടപാടുകൾ വിശകലനം ചെയ്ത് അവയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അക്കൗണ്ടുകളിൽ കാണിക്കുക.

ക്യാഷ്, കക്ഷികൾ (ഡെബ്റ്റേഴ്സ്), ഓഫീസ് സ്റ്റേഷനറി, മോട്ടോർ കാർ, സ്ഥലവും കെട്ടിടവും, ദീർഘകാല വായ്പ, തൻപറ്റ്, ശമ്പളം, സേവന ഫീസ്, ഉപയുക്തതാ ഫീസ്.

*ജേർണലൈസിംഗ് (Journalising)*

11. നൽകിയിരിക്കുന്ന ഇടപാടുകൾ ഹരിദാസിന്റെ ജേർണൽ ബുക്കിൽ രേഖപ്പെടുത്തുക:

| 2017 ഡിസംബർ | | ₹ |
|---|---|---|
| 01 | പണവുമായി ബിസിനസ്സ് ആരംഭിച്ചു | 75,000 |
| 07 | രൊക്കം പണം നൽകി സാധനങ്ങൾ വാങ്ങി | 10,000 |
| 09 | സന്തോഷിന് സാധനങ്ങൾ വിറ്റു | 5,000 |
| 12 | ഫർണിച്ചർ വാങ്ങി | 3,000 |
| 18 | സന്തോഷിൽ നിന്ന് കണക്ക് തീർപ്പാക്കി ലഭിച്ചത് | 4,000 |
| 25 | വാടക നൽകി | 1,000 |
| 30 | ശമ്പളം നൽകി | 1,500 |

12. മുരളിയുടെ ജേർണലിൽ നൽകിയിരിക്കുന്ന ഇടപാടുകൾ രേഖപ്പെടുത്തുക:

| 2018 ജനുവരി | | ₹ |
|---|---|---|
| 01 | പണവുമായി ബിസിനസ്സ് ആരംഭിച്ചു | 1,75,000 |
| 01 | സ്വന്തം കെട്ടിടങ്ങൾ ബിസിനസ്സിന്റെ പേരിലാക്കി | 1,00,000 |
| 02 | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | 75,000 |
| 03 | രമേശിന് സാധനങ്ങൾ വിറ്റു | 30,000 |
| 04 | കൂലി നൽകി | 500 |
| 06 | രൊക്കം പണത്തിന് സാധനങ്ങൾ വിറ്റു | 10,000 |
| 10 | കച്ചവടച്ചെലവുകൾ നൽകി | 700 |
| 12 | രമേശിൽ നിന്ന് പണം കിട്ടിയത് | 29,500 |
| | കിഴിവ് അനുവദിച്ചത് | 500 |
| 14 | സുധീറിൽ നിന്ന് സാധനങ്ങൾ കടമായി വാങ്ങി | 27,000 |
| 18 | ചരക്കുകൂലി നൽകി | 1,000 |
| 20 | സ്വകാര്യാവശ്യങ്ങൾക്ക് പണം എടുത്തു | 5,000 |

| | | |
|---|---|---|
| 22 | വീട്ടാവശ്യത്തിന് സാധനങ്ങൾ ഉപയോഗിച്ചത് | 2,000 |
| 25 | സുധീറിന് പണം നൽകിയത് | 26,700 |
| | കിഴിവ് ലഭിച്ചത് | 300 |

13. ഇടപാടുകൾ ജേർണലിൽ രേഖപ്പെടുത്തുക:

| 2017 ഡിസംബർ | | ₹ |
|---|---|---|
| 01 | ഹേമ ബിസിനസ്സ് ആരംഭിച്ചു | 1,00,000 |
| 02 | സ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങി | 30,000 |
| 04 | ആശയിൽ നിന്ന് സാധനങ്ങൾ വാങ്ങി | 20,000 |
| 06 | രാഹുലിന് രൊക്കം പണത്തിന് സാധനങ്ങൾ വിറ്റു | 15,000 |
| 10 | താരയിൽ നിന്ന് സാധനങ്ങൾ രൊക്കം പണം നൽകി വാങ്ങി | 40,000 |
| 13 | സുമന് സാധനങ്ങൾ വിറ്റു | 20,000 |
| 16 | സുമനിൽ നിന്ന് ചെക്ക് ലഭിച്ചു | 19,500 |
| | കിഴിവ് അനുവദിച്ചത്. | 500 |
| 20 | ആശയ്ക്ക് നൽകാനുള്ള തുക ചെക്കായി നൽകി | 10,000 |
| 22 | വാടക ചെക്കിലൂടെ നൽകി | 2,000 |
| 23 | ബാങ്കിൽ പണം നിക്ഷേപിച്ചു | 16,000 |
| 25 | മെഷിനറി പ്രിയങ്കയിൽ നിന്ന് കടമായി വാങ്ങി | 10,000 |
| 26 | കച്ചവടച്ചെലവുകൾ | 2,000 |
| 28 | പ്രിയങ്കയ്ക്ക് ചെക്ക് നൽകി | 10,000 |
| 29 | ടെലിഫോൺ ബിൽ ചെക്കിലൂടെ അടച്ചു | 1,200 |
| 31 | ശമ്പളം നൽകി | 4,500 |

14. ഹരിനന്ദ ബ്രദേഴ്സിന്റെ ബുക്കിൽ ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക.

(a) രോഹിതിൽ നിന്ന് ലഭിക്കാനുള്ള ₹1,000 കിട്ടാക്കടമായി എഴുതിത്തള്ളണം.

(b) ₹2,000 വിലയുള്ള ബിസിനസ്സിലെ സാധനങ്ങൾ ഉടമസ്ഥൻ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു.

(c) ₹30,000 വിലയുള്ള മെഷിനറിക്ക് 10% വാർഷിക നിരക്കിൽ രണ്ട് മാസത്തെ തേയ്മാനച്ചെലവ് കണക്കിലെടുക്കണം.

(d) മൂലധന തുകയായ ₹1,50,000 യ്ക്ക് പ്രതിവർഷം 6% നിരക്കിൽ ഒൻപതു മാസത്തേക്കുള്ള മൂലധന പലിശ കണക്കാക്കുക.

(e) ₹2,000 നൽകാനുണ്ടായിരുന്ന രാഹുൽ പാപ്പരായി പ്രഖ്യാപിക്കപ്പെട്ടതിനാൽ, ഒരു രൂപയ്ക്ക് 60 പൈസ നിരക്കിൽ അയാളുടെ സ്വത്തു വകകളിൽ നിന്നും വസൂലാക്കി ലഭിച്ച തുക കണക്കിലെടുക്കണം.

15. നൽകിയിരിക്കുന്ന ഇടപാടുകളുടെ ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക:

(a) മെഷിനറി സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ നൽകി ₹500

(b) സാധനങ്ങൾ ദാനമായി നൽകി ₹2,000

(c) മൂലധനപ്പലിശയായി പ്രതിവർഷം 7% നിരക്കിൽ കണക്കാക്കണം. ബിസിനസ്സിലെ മൂലധന മുടക്ക് ₹70,000 യാണ്.

(d) കഴിഞ്ഞ വർഷം കിട്ടാക്കടമായി എഴുതിത്തള്ളിയ തുകയിൽ, ₹1,200 തിരികെ ലഭിച്ചു.

(e) തീപിടിത്തത്തിലൂടെ സാധനങ്ങൾ നഷ്ടമായി ₹2,000

(f) വാടകക്കുടിശ്ശിക ₹1,000

(g) തൻപറ്റ് പലിശ ₹900

(h) സുധീർ ₹3,000 നൽകാനുണ്ടായിരുന്നതിൽ വീഴ്ച വരുത്തിയിരുന്നു. പാപ്പരായി പ്രഖ്യാപിക്കപ്പെട്ടതിനാൽ, അയാളിൽ നിന്ന് ഒരു രൂപയ്ക്ക് 45 പൈസ എന്ന രീതിയിൽ നഷ്ടപരിഹാരം ലഭിച്ചു.

(i) മുൻകൂട്ടി ലഭിച്ച കമ്മീഷൻ ₹7,000

## ലെഡ്ജറുകളിലേക്കുള്ള പതിക്കൽ (Posting to Ledgers)

16. ഇടപാടുകൾ ജേർണലിൽ എഴുതി, ലെഡ്ജറിൽ പതിക്കുക.

| 2017 നവംബർ | | ₹ |
|---|---|---|
| 01 | ബിസിനസ്സ് ആരംഭിച്ചു: | |
| | (i) പണം | 1,50,000 |
| | (ii) ചരക്കുകൾ | 50,000 |
| 03 | ഹരിയിൽ നിന്ന് സാധനങ്ങൾ വാങ്ങി | 30,000 |
| 05 | രൊക്കം പണത്തിന് സാധനങ്ങൾ വിറ്റു | 12,000 |
| 08 | ഫർണിച്ചർ രൊക്കം പണം നൽകി വാങ്ങി | 5,000 |
| 10 | ഹരിക്ക് പണം നൽകി | 15,000 |
| 13 | കച്ചവടച്ചെലവുകൾ കൊടുത്തു | 200 |
| 15 | രൊക്കം പണത്തിനുള്ള വിൽപ്പന | 15,000 |
| 18 | ബാങ്കിൽ പണം നിക്ഷേപിച്ചു | 5,000 |
| 20 | സ്വകാര്യാവശ്യങ്ങൾക്ക് പണം എടുത്തു | 1,000 |

| | | |
|---|---|---|
| 22 | ഹരിയുടെ കണക്ക് തീർപ്പാക്കി പണം നൽകി | 14,700 |
| 25 | നിരേഷിന് സാധനങ്ങൾ വിറ്റു | 7,000 |
| 26 | ചരക്കുകൂലി നൽകി | 200 |
| 27 | വാടക നൽകി | 1,500 |
| 29 | നിരേഷിൽ നിന്ന് പണം ലഭിച്ചത് | 6,800 |
| | കിഴിവ് അനുവദിച്ചത് | 200 |
| 30 | ശമ്പളം നൽകിയത് | 3,000 |

17. നൽകിയിട്ടുള്ള ഇടപാടുകൾ ജോയൽ ബ്രദേഴ്സിന്റെ ജേർണലിൽ രേഖപ്പെടുത്തി ലെഡ്ജറിലേക്ക് പതിക്കുക.

| 2011 ജനുവരി | | ₹ |
|---|---|---|
| 01 | പണവുമായി ബിസിനസ്സ് ആരംഭിച്ചു | 1,65,000 |
| 02 | പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചു | 80,000 |
| 04 | താരയിൽ നിന്ന് സാധനങ്ങൾ കടമായി വാങ്ങി | 22,000 |
| 05 | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | 30,000 |
| 08 | നാരായണന് സാധനങ്ങൾ വിറ്റു | 12,000 |
| 10 | താരയ്ക്ക് പണം നൽകി | 22,000 |
| 15 | നാരായണനിൽ നിന്ന് പണം ലഭിച്ചു | 11,700 |
| | കിഴിവ് അനുവദിച്ചത് | 300 |
| 16 | കൂലി കൊടുത്തു | 200 |
| 18 | ഓഫീസ് ആവശ്യങ്ങൾക്ക് ഫർണിച്ചർ വാങ്ങി | 5,000 |
| 20 | സ്വകാര്യാവശ്യങ്ങൾക്ക് ബാങ്കിൽ നിന്ന് പണം പിൻവലിച്ചു | 4,000 |
| 22 | വാടക ചെക്കിലൂടെ നൽകി | 3,000 |
| 23 | വീട്ടാവശ്യത്തിന് ബിസിനസ്സിൽ നിന്ന് സാധനങ്ങൾ എടുത്തു | 2,000 |
| 24 | ഓഫീസ് ആവശ്യത്തിന് ബാങ്കിൽ നിന്ന് പണം പിൻവലിച്ചു | 6,000 |
| 26 | കമ്മീഷൻ ലഭിച്ചത് | 1,000 |
| 27 | ബാങ്ക് ചാർജുകൾ | 200 |

| | | |
|---|---|---|
| 28 | ഇൻഷുറൻസ് പ്രീമിയം ചെക്കിലൂടെ നൽകി | 3,000 |
| 29 | ശമ്പളം നൽകിയത് | 7,000 |
| 30 | രൊക്കം പണത്തിനുള്ള വിൽപ്പന | 10,000 |

18 മോഹിത് ട്രേഡേഴ്സിന്റെ ബുക്കിൽ നൽകിയിരിക്കുന്ന ഇടപാടുകൾക്ക് ആവശ്യമായ ജേർണൽ രേഖപ്പെടുത്തലുകൾ നടത്തി, ബന്ധപ്പെട്ട ലെഡ്ജർ അക്കൗണ്ടുകളിൽ പതിക്കുക.

| ആഗസ്റ്റ് 2017 | | ₹ |
|---|---|---|
| 1. | ബിസിനസ്സ് ആരംഭിച്ചു | 1,10,000 |
| 2. | ബാങ്ക് അക്കൗണ്ട് ആരംഭിച്ചു | 50,000 |
| 3. | ഫർണിച്ചർ വാങ്ങി | 20,000 |
| 7. | രൂപ ട്രേഡേഴ്സിൽ നിന്ന് പണം നൽകി സാധനങ്ങൾ വാങ്ങി | 30,000 |
| 8. | ഹേമ ട്രേഡേഴ്സിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 42,000 |
| 10. | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങി | 30,000 |
| 14. | ഗുപ്താ ട്രേഡേഴ്സിന് കടമായി സാധനങ്ങൾ വിറ്റു | 12,000 |
| 16. | വാടക നൽകി | 4,000 |
| 18. | കച്ചവടച്ചെലവുകൾ നൽകി | 1,000 |
| 20. | ഗുപ്താ ട്രേഡേഴ്സിൽ നിന്നും പണം ലഭിച്ചു | 12,000 |
| 22. | ഹേമാ ട്രേഡേഴ്സിന് സാധനങ്ങൾ തിരികെ നൽകി | 2,000 |
| 23. | ഹേമാ ട്രേഡേഴ്സിന് പണം നൽകി | 40,000 |
| 25. | തപാൽ സ്റ്റാമ്പുകൾ വാങ്ങിയത് | 100 |
| 30. | രാജേഷിന് ശമ്പളം നൽകി | 4,000 |

19. നൽകിയിരിക്കുന്ന ഇടപാടുകൾ ജേർണലിലും, ലെഡ്ജർ അക്കൗണ്ടുകളിലേക്കും എഴുതുക.

| ഡിസംബർ, 2017 | | ₹ |
|---|---|---|
| 1. | ബിസിനസ്സ് ആരംഭിച്ചു | 92,000 |
| 2. | ബാങ്കിൽ പണം നിക്ഷേപിച്ചു | 60,000 |
| 4. | ഹിമാനിയിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 40,000 |
| 6. | സാധനങ്ങൾ രൊക്കം പണം നൽകി വാങ്ങി | 20,000 |
| 8. | ഹിമാനിക്ക് സാധനങ്ങൾ തിരികെ നൽകി | 4,000 |
| 10. | രൊക്കം പണത്തിന് സാധനങ്ങൾ വിറ്റു | 20,000 |

14. ഹിമാനിക്ക് ചെക്ക് നൽകി 36,000
17. ജോയൽ ട്രേഡേഴ്സിന് സാധനങ്ങൾ വിറ്റു 3,50,000
19. ബാങ്കിൽ നിന്ന് സ്വകാര്യാവശ്യങ്ങൾക്ക് പണം പിൻവലിച്ചു 2,000
21. ജോയൽ ട്രേഡേഴ്സ് സാധനങ്ങൾ മടക്കി നൽകി 3,500
22. ബാങ്കിൽ പണം നിക്ഷേപിച്ചു 20,000
26. ജോയൽ ട്രേഡേഴ്സിൽ നിന്ന് ചെക്ക് ലഭിച്ചു 31,500
28. സാധനങ്ങൾ ദാനമായി നൽകി 2,000
29. വാടക നൽകി 3,000
30. ശമ്പളം നൽകി 7,000
31. ഓഫീസിലേക്ക് മെഷിനറി വാങ്ങി 3,000

20. നൽകിയിരിക്കുന്ന ഇടപാടുകൾ ബ്യൂട്ടി ട്രേഡേഴ്സിന്റെ ജേർണലിൽ രേഖപ്പെടുത്തി, ലെഡ്ജർ അക്കൗണ്ടുകളിലേക്ക് പതിക്കുക.

| ഡിസംബർ 2017 | | ₹ |
|---|---|---|
| 1. | പണവുമായി ബിസിനസ്സ് ആരംഭിച്ചു | 2,00,000 |
| 2. | ഓഫീസ് ഫർണിച്ചർ വാങ്ങി | 30,000 |
| 3. | ബാങ്കിൽ പണം അടച്ച് ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചു | 1,00,000 |
| 5. | കമ്പ്യൂട്ടർ വാങ്ങി ചെക്കിലൂടെ പണം നൽകി | 2,50,000 |
| 6. | രാധികയിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 60,000 |
| 8. | റൊക്കം പണത്തിനുള്ള വിൽപ്പന | 30,000 |
| 9. | കൃഷ്ണന് കടമായി സാധനങ്ങൾ വിറ്റു | 25,000 |
| 12. | രാധികയ്ക്ക് പണം നൽകി | 30,000 |
| 14. | രാധികയ്ക്ക് സാധനങ്ങൾ തിരികെ നൽകി | 2,000 |
| 15. | സ്റ്റേഷനറി സാധനങ്ങൾ വാങ്ങി | 3,000 |
| 16. | കൂലി കൊടുത്തു | 1,000 |
| 18. | കൃഷ്ണൻ സാധനങ്ങൾ തിരികെ നൽകി | 2,000 |
| 20. | രാധികയ്ക്ക് ചെക്ക് നൽകി | 28,000 |
| 22. | കൃഷ്ണനിൽ നിന്ന് പണം ലഭിച്ചു | 15,000 |
| 24. | ചെക്കിലൂടെ ഇൻഷുറൻസ് പ്രീമിയം നൽകി | 4,000 |
| 26. | കൃഷ്ണനിൽ നിന്ന് ചെക്ക് ലഭിച്ചു | 8,000 |

| | | |
|---|---|---|
| 28. | വാടക ചെക്കിലൂടെ നൽകി | 3,000 |
| 29. | മീര ട്രേഡേഴ്സിൽ നിന്ന് കടമായി സാധനങ്ങൾ വാങ്ങി | 20,000 |
| 30. | രൊക്കം പണത്തിനുള്ള വിൽപ്പന | 14,000 |

21. സഞ്ജനയുടെ ബുക്കിൽ നൽകിയിട്ടുള്ള ഇടപാടുകൾ രേഖപ്പെടുത്തി, ബന്ധപ്പെട്ട ലെഡ്ജർ അക്കൗണ്ടുകളിലേക്ക് പതിക്കുക.

| ജനുവരി, 2018 | | ₹ |
|---|---|---|
| 1. | കൈവശമുള്ള പണം | 6,000 |
| | ബാങ്കിലുള്ള പണം | 55,000 |
| | നീക്കിയിരിപ്പുചരക്ക് | 40,000 |
| | രോഹന് നൽകാനുള്ള തുക | 6,000 |
| | തരുൺ കടപ്പെട്ടിരിക്കുന്നത് | 10,000 |
| 3. | കരുണിന് സാധനങ്ങൾ വിറ്റത് | 15,000 |
| 4. | രൊക്കം പണത്തിനുള്ള വിൽപ്പന | 10,000 |
| 6. | ഹീനയ്ക്ക് സാധനങ്ങൾ വിറ്റത് | 5,000 |
| 8. | രൂപാലിയിൽ നിന്ന് സാധനങ്ങൾ വാങ്ങി | 30,000 |
| 10. | കരുൺ സാധനങ്ങൾ തിരികെ നൽകി | 2,000 |
| 14. | കരുണിൽ നിന്ന് പണം ലഭിച്ചു | 13,000 |
| 15. | രോഹന് ചെക്ക് നൽകി | 6,000 |
| 16. | ഹീനയിൽ നിന്ന് പണം ലഭിച്ചു | 3,000 |
| 20. | തരുണിൽ നിന്ന് ചെക്ക് കിട്ടി | 10,000 |
| 22. | ഹീനയിൽ നിന്ന് ചെക്ക് കിട്ടി | 2,000 |
| 25. | രൂപാലിക്ക് പണം നൽകി | 18,000 |
| 26. | ചരക്കുകൂലി നൽകി | 1,000 |
| 27. | ശമ്പളം നൽകി | 8,000 |
| 28. | രൊക്കം പണത്തിനുള്ള വിൽപ്പന | 7,000 |
| 29. | രൂപാലിക്ക് ചെക്ക് നൽകി | 12,000 |
| 30. | സഞ്ചന വ്യക്തിഗത ആവശ്യങ്ങൾക്ക് സാധനങ്ങൾ എടുത്തത് | 4,000 |
| 31. | പൊതുചെലവുകൾ നൽകി | 500 |

22. ഡൽഹിയിലുള്ള അനുദീപിന്റെ ബുക്കിൽ താഴെ പറയുന്ന ഇടപാടുകളുടെ ജേർണ ലെൻട്രികൾ എഴുതുക.

a. ഡൽഹിയിലുള്ള കാന്തയിൽ നിന്നും ₹ 2,00,000 രൂപയുടെ സാധനങ്ങൾ വാങ്ങി (സി.ജി.എസ്.ടി. @9%, എസ്.ജി.എസ്.ടി. @ 9%).

b. രാജസ്ഥാനിൽ നിന്നും ക്യാഷ് നൽകി ₹ 1,00,000 രൂപയുടെ സാധനങ്ങൾ വാങ്ങി (ഐ.ജി.എസ്.ടി. @ 12%).

c. പഞ്ചാബിലുള്ള സുധീറിന് ₹ 1,50,000 രൂപയുടെ സാധനങ്ങൾ വിറ്റു (ഐ.ജി. എസ്.ടി. @ 18%).

d. റെയിൽവേ ട്രാൻസ്പോർട്ട് കൂലി നൽകിയത് ₹ 10,000/- (സി.ജി.എസ്.ടി. @5%, എസ്.ജി.എസ്.ടി. @ 5%).

c. ഡൽഹിയിലുള്ള സിദ്ദുവിന് ₹ 1,20,000 രൂപയുടെ സാധനങ്ങൾ വിറ്റു (സി.ജി. എസ്.ടി. @9%, എസ്.ജി.എസ്.ടി. @ 9%).

f. ഓഫീസ് ഉപയോഗത്തിനായി എയർ കണ്ടീഷണർ വാങ്ങി ₹ 60,000 (സി.ജി. എസ്.ടി. @9%, എസ്.ജി.എസ്.ടി. @ 9%).

g. ഉത്തർപ്രദേശിലുള്ള സുനിലിന് ₹ 1,50,000 രൂപയ്ക്ക് ഉള്ള സാധനം ക്യാഷിന് വിറ്റു (ഐ.ജി.എസ്.ടി. @ 18%).

h. ബിസിനസ് ആവശ്യത്തിനായി ₹ 50,000 രൂപയുടെ മോട്ടോർ സൈക്കിൾ വാങ്ങി. (സി.ജി.എസ്.ടി. @14%, എസ്.ജി.എസ്.ടി. @ 14%).

i. ബ്രോഡ് ബാൻഡ് സർവീസസിനു കൊടുത്ത ചെലവ് ₹ 4,000/- (സി.ജി.എസ്. ടി. @9%, എസ്.ജി.എസ്.ടി. @ 9%).

j. ഡൽഹിയിലുള്ള രാജേഷിന്റെ കൈയ്യിൽ നിന്നും ₹ 50,000 രൂപയുടെ സാധന ങ്ങൾ വാങ്ങി (സി.ജി.എസ്.ടി. @9%, എസ്.ജി.എസ്.ടി. @ 9%).

## *സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക*

*ഉത്തര സൂചിക - I*

1. (iii), 2 (അറ്റലാഭം, അധിക മൂലധനം എന്നിവ മൂലധന വർധനവ് ഉണ്ടാക്കുന്നു, അറ്റനഷ്ടം തൻപറ്റ് എന്നിവ മൂലധനക്കുറവ് ഉണ്ടാക്കുന്നു), 3 ഇല്ല, 4 (ii)

*ഉത്തര സൂചിക - II*

1. ക്യാഷ് അക്കൗണ്ട്, ക്യാപ്പിറ്റൽ അക്കൗണ്ട് (ആസ്തി, മൂലധനം) ആസ്തി കൂടുന്നു, മൂലധനം കൂടുന്നു.
2. പർച്ചേയ്സ് അക്കൗണ്ട്, രമേശ് അക്കൗണ്ട് (ചെലവ്, ബാധ്യത) ചെലവ് കൂടുന്നു, ബാധ്യത കൂടുന്നു.
3. ക്യാഷ് അക്കൗണ്ട്, സെയിൽസ് അക്കൗണ്ട് (ആസ്തി, വരുമാനം) ആസ്തി കൂടുന്നു, വരുമാനം കൂടുന്നു.
4. ശമ്പള അക്കൗണ്ട്, ക്യാഷ് അക്കൗണ്ട് (ചെലവ്, ആസ്തി) ചെലവ് കൂടുന്നു, ആസ്തി കുറയുന്നു.
5. ഫർണിച്ചർ അക്കൗണ്ട്, ക്യാഷ് അക്കൗണ്ട് (ആസ്തി, ആസ്തി) ആസ്തി കൂടുന്നു, ആസ്തി കുറയുന്നു.
6. വായ്പാ അക്കൗണ്ട്, ബാങ്ക് അക്കൗണ്ട് (ബാധ്യത, ആസ്തി) ബാധ്യത കൂടുന്നു, ആസ്തി കൂടുന്നു.
7. സരിതാ അക്കൗണ്ട്, സെയിൽസ് അക്കൗണ്ട് (ആസ്തി, വരുമാനം) ആസ്തി കൂടുന്നു, വരുമാനം കൂടുന്നു.
8. രമേശ് അക്കൗണ്ട്, ക്യാഷ് അക്കൗണ്ട് (ബാധ്യത, ആസ്തി) ബാധ്യത കുറയുന്നു, ആസ്തി കുറയുന്നു.
9. വാടക അക്കൗണ്ട്, ക്യാഷ് അക്കൗണ്ട് (ചെലവ്, ആസ്തി) ചെലവ് കൂടുന്നു, ആസ്തി കുറയുന്നു.

*ഉത്തര സൂചിക - III*

1(d), 2(d), 3(b), 4(b), 5(d), 6(c), 7(a)

*ഉത്തര സൂചിക - IV*

| | | |
|---|---|---|
| 1. വാടക | 2. ഡെബ്റ്റേഴ്സ് | 3. ക്യാഷ് |
| 4. മെഷിനറി | 5. ക്രെഡിറ്റേഴ്സ് | 6. ഓഫീസ് സ്റ്റേഷനറി |
| 7. ഡെബ്റ്റേഴ്സ് | | |

*ഉത്തര സൂചിക - V*

1 (iv), 2 (i), 3 (i), 4 (ii), 5 (iii), 6 (iv), 7 (iv), 8 (iv), 9 (iii).